# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്) SUCI [C] സംസ്ഥാന കമ്മിറ്റി മുഖപത്രം

ഡിസംബർ 2017 വാല്യം 44 ലക്കം 9 | *ചീഫ് എഡിറ്റർ : സി. കെ. ലൂക്കോസ്* | പേജ് 8 വില 5.00 രൂപ


# ജനകോടികൾക്ക് നവംബർ വിപ്ലവ സന്ദേശം പകർന്ന് ശതാബ്ദി ആചരണത്തിന് സമാപനം

**നിരവധി ഐതിഹാസിക സമരങ്ങൾക്ക് സാക്ഷ്യം വഹിച്ചിട്ടുള്ള കൽക്കത്ത നഗരം 2017 നവംബർ 17ന് നിലകൊണ്ടത് ആദരപൂർവ്വം ചരിത്രത്തെ അഭിവാദ്യം ചെയ്തുകൊണ്ടായിരുന്നു. നവംബർ സോഷ്യലിസ്റ്റ് വിപ്ലവം അന്തിമ വിജയം നേടിയ ആ മഹത്തായ ദിനത്തെ വരവേൽക്കാൻ നഗരമാകെ കൊടിതോരണങ്ങളാൽ ചുവപ്പണിഞ്ഞുനിന്നു. മാർക്സ്-ഏംഗൽസ്-ലെനിൻ-സ്റ്റാലിൻ-മാവോ എന്നീ കമ്മ്യൂണിസ്റ്റ് ആചാര്യന്മാരുടെ അർഹനായ പിന്തുടർച്ചക്കാരനും എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ സ്ഥാപക ജനറൽ സെക്രട്ടറിയും ഈ യുഗത്തിലെ സമുന്നത മാർക്സിസ്റ്റ് ചിന്തകരിലൊരാളുമായ സഖാവ് ശിബ്ദാസ് ഘോഷിന്റെ ചിന്തകളാൽ സായുധമായ എസ്‌യുസിഐ(സി) നവംബർ വിപ്ലവ ശതാബ്ദി ഒരു വർഷം നീണ്ടു നിൽക്കുന്ന പരിപാടികളോടെ ആചരിക്കാനാണ് തീരുമാനിച്ചത്.**



മുതലാളിത്ത വിരുദ്ധ സോഷ്യലിസ്റ്റ് വിപ്ലവത്തിലൂടെ ഈ രാജ്യത്തെ അദ്ധ്വാനിച്ച് ജീവിക്കുന്ന ജനവിഭാഗങ്ങളെ ചൂഷണത്തിൽനിന്ന് മോചിപ്പിക്കാനും തൊഴിലാളിവർഗ്ഗ സാർവ്വദേശീയത ഉയർത്തിപ്പിടിക്കാനുമുള്ള പ്രതിജ്ഞാബദ്ധതയിൽ നിന്നാണ് അത്തരമൊരു തീരുമാനം കൈക്കൊണ്ടത്. പാർട്ടിയുടെ മുൻകയ്യോടെ രൂപീകരിക്കപ്പെട്ട ശതാബ്ദി ആചരണ കമ്മിറ്റിയുടെ ആഭിമുഖ്യത്തിലാണ് ഒരുവർഷം നീണ്ടുനിന്ന പരിപാടികൾക്ക് സമാപനം കുറിച്ചുകൊണ്ട് കൽക്കത്തയിൽ സമാപന റാലി സംഘടിപ്പിക്കപ്പെട്ടത്.

ഏതാനും ദിവസങ്ങളായി കൽക്കത്ത നഗരത്തിൽ തുടർച്ചയായി പെയ്തുകൊണ്ടിരുന്ന മഴയ്ക്ക് റാലിയുടെ പ്രൗഢിക്ക് ഒട്ടും മങ്ങലേൽപ്പിക്കാനായില്ല. രാജ്യത്തിന്റെ നാനാകോണുകളിൽനിന്ന് പാർട്ടി പ്രവർത്തകരും അനുഭാവികളും കൽക്കത്തയിലെ സമ്മേളന വേദിയിലേയ്ക്ക് പ്രവഹിച്ചുകൊണ്ടിരുന്നു. ട്രെയിനുകൾ പലതും റദ്ദുചെയ്യപ്പെട്ടില്ലായിരുന്നെങ്കിൽ ഏതാനും ആയിരങ്ങൾ കൂടി എത്തിച്ചേരുമായിരുന്നു എന്നുമാത്രം. വിവിധ ഭാഷകളിലുള്ള മുദ്രാവാക്യം വിളികളാൽ നഗരം മുഖരിതമായി. എല്ലാ വീഥികളുടെയും ഓരങ്ങളിൽ പ്രകടനത്തിന് അഭിവാദ്യം അർപ്പിക്കാനെന്നോണം നഗരവാസികൾ സാഭിമാനം നിലകൊണ്ടു. എല്ലാ പ്രതിബന്ധങ്ങളെയും നിസ്സാരമാക്കാൻ പോന്നതായിരുന്നു സഖാക്കളുടെ നിശ്ചയദാർഢ്യവും ലക്ഷ്യബോധവും.

റാലിയിൽ പങ്കടുത്ത വിദ്യാർത്ഥികളും യുവാക്കളും വിപ്ലവത്തിന്റെ സ്മരണ പുതുക്കുക മാത്രമായിരുന്നില്ല. ജനകോടികളുടെ മോചനത്തിനായുള്ള പോരാട്ടത്തിൽ സ്വയം സമർപ്പിക്കുക എന്ന, ചരിത്രം ഭരമേല്പിച്ച കർത്തവ്യം ഏറ്റെടുത്തവരായിരുന്നു അവർ. മാർക്സിസത്തെ മലിനമാക്കാനും മാർക്സിസ്റ്റ് ആചാര്യന്മാരെ അപകീർത്തിപ്പെടുത്താനുമുള്ള ഹീനനീക്കങ്ങളെ നിരന്തരം ചെറുത്തുകൊണ്ട് ശരിയായ ലൈനിൽ, ഉയർന്ന തൊഴിലാളിവർഗ്ഗ സംസ്ക്കാരത്തിന്റെ അടിത്തറയിൽ വർഗ്ഗ-ബഹുജന സമരങ്ങൾ വളർത്തിയെടുക്കുന്നവരായിരുന്നു അവർ. നവംബർ വിപ്ലവത്തിന്റെ അന്തഃസത്ത സ്വാംശീകരിച്ച്, ആചാര്യന്മാരുടെ പാഠങ്ങൾ ഉൾക്കൊണ്ട് കർത്തവ്യനിർവ്വഹണത്തിന് സജ്ജരാകുക എന്ന സഖാവ് ഘോഷിന്റെ ഉൽബോധനം അവർ ശിരസാവഹിച്ചു. മുതലാളിത്ത വ്യവസ്ഥയുടെ സംരക്ഷകർക്ക് വിപ്ലവാഗ്നിയെ തല്ലിക്കെടുത്താനാവില്ല എന്ന് വിളിച്ചോതുന്നതായിരുന്നു അവരുടെ ചുവടുവയ്പുകൾ.

ജീവിതത്തിന്റെ നാനാതുറകളിൽ നിന്നുള്ള ഒരുലക്ഷത്തിലേറെ വരുന്ന ആളുകളാണ് കൽക്കത്തയിലെ ഈ മഹാസമ്മേളനത്തിൽ ഒത്തുകൂടിയത്. സമ്മേളനം പകർന്നു നൽകിയ മായാത്ത ഓർമ്മകളുമായി, ഉയർന്ന വൈകാരികതയോടെ അവർ നാടിന്റെ നാനാഭാഗങ്ങളിലേയ്ക്ക് തിരിച്ചുപോയി; ചൂഷണത്തിനും അടിച്ചമർത്തലിനും ഇരയാകുന്ന, ഒരു മാറ്റത്തിനായി ദാഹിക്കുന്ന ജനകോടികളെ വിപ്ലവത്തിന്റെ ബദൽ മാർഗത്തിലൂടെ ആനയിച്ച് കരുത്തുറ്റൊരു രാഷ്ട്രീയ ശക്തിയാക്കി മാറ്റുക എന്ന ദൗത്യവുമായി.

അനേകം വൈതരണികളെ നേരിട്ട, സുദീർഘമായ പോരാട്ടമാണ് മഹാനായ ലെനിന്റെ നേതൃത്വത്തിൽ റഷ്യൻ തൊഴിലാളിവർഗം നടത്തിയത്. ശതാബ്ദി ആചരണം വിപുലമായ തയ്യാറെടുപ്പുകളോടെയായിരുന്നു. ഐതിഹാസികമായ ആ വിപ്ലവത്തിന്റെ ചരിത്രം ഇന്ത്യൻ തൊഴിലാളിവർഗ്ഗത്തിനുമുമ്പാകെ അനാവരണം ചെയ്തുകൊണ്ട് മുതലാളിത്ത-സാമ്രാജ്യത്വ ശക്തികളെയും കപട കമ്മ്യൂണിസ്റ്റുകളെയും പരാജയപ്പെടുത്തി, ഇന്ത്യൻ ജനതയുടെ വിമോചനം സാദ്ധ്യമാക്കുന്നതിൽ ആ വിപ്ലവം നൽകുന്ന പാഠങ്ങൾ ഹൃദിസ്ഥമാക്കിയെടുക്കുന്നതായിരുന്നു ഒരു വർഷം നീണ്ടുനിന്ന ആചരണ പരിപാടികൾ. വിപ്ലവ മുന്നേറ്റത്തെ തടയാൻ ഒരു ശക്തിക്കുമാവില്ല എന്ന ബോദ്ധ്യം അത് അരക്കിട്ടുറപ്പിച്ചു.

2016 നവംബറിൽ ആചരണ പരിപാടികൾക്ക് തുടക്കം കുറിച്ചതോടെ രാജ്യമെമ്പാടുമുള്ള പാർട്ടി യൂണിറ്റുകൾ ആവേശകരമായ പ്രവർത്തനം കെട്ടഴിച്ചുവിട്ടു. പാർട്ടിയുടെ മുൻകയ്യിൽ നിരവധി സ്ഥലങ്ങളിൽ ആചരണ കമ്മിറ്റികൾ നിലവിൽ വന്നു. ഈ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ അനേകം സെമിനാറുകളും ചർച്ചകളും പൊതുയോഗങ്ങളും പ്രകടനങ്ങളും എക്സിബിഷനുകളും സാസ്കാരിക പരിപാടികളും സിനിമാപ്രദർശനങ്ങളുമൊക്കെ സംഘടിപ്പിക്കപ്പെട്ടു. പ്രചണ്ഡമായ ഈ പ്രചാരണ പ്രവർത്തനങ്ങൾ റഷ്യൻ വിപ്ലവത്തിന്റെ ചരിത്രം ജീവചൈതന്യത്തോടെ അവതരിപ്പിക്കുക മാത്രമല്ല, മഹത്തായ

*(ശേഷം 4-ാം പേജിൽ)*



നവംബർ വിപ്ലവ ശതാബ്ദി ആചരണത്തിന് സമാപനം കുറിച്ചുകൊണ്ട് നവംബർ 17ന് കൽക്കത്തയിൽ സംഘടിപ്പിച്ച റാലിയിൽ കനത്ത മഴയെ അവഗണിച്ച് തടിച്ചുകൂടിയ ജനാവലിയെ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് അഭിസംബോധന ചെയ്യുന്നു



പേജ് 2 ജനാധിപത്യത്തിന് ഭീഷണിയായി മോദി ഭരണം


പേജ് 3 ഡിസംബർ 6 കരിദിന ആചരണം


പേജ് 6 ജനാഭിലാഷത്തെ വെല്ലുവിളിച്ച് പിണറായി ഭരണം


പേജ് 7 സമ്പൂർണ്ണ വിജയം കൈവരിച്ച ഭാരത് ആശുപത്രി സമരം


പേജ് 8 എഞ്ചിനിയറിംഗ് വിദ്യാർത്ഥി മാർച്ച്

# ജനാധിപത്യത്തിന് ഭീഷണിയായി മോദിഭരണം

**നരേന്ദ്രമോദി അധികാരത്തിൽ വന്നാൽ രാജ്യം വിട്ടുപോകേണ്ടിവരുമെന്ന എഴുത്തുകാരനും വിദ്യാഭ്യാസ വിചക്ഷണനുമായ അനന്ത മൂർത്തിയുടെ വാക്കുകൾ അന്വർത്ഥമാകുന്നതാണ് കഴിഞ്ഞ മൂന്നുവർഷമായി രാജ്യം കണ്ടുകൊണ്ടിരിക്കുന്നത്. അനേകം പരിമിതികളോടെയാണെങ്കിലും രാജ്യത്ത് നിലനിന്നിരുന്ന ജനാധിപത്യ-മതേതര അന്തരീക്ഷം അതിവേഗം അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. ഭരണത്തിന് ചുക്കാൻ പിടിക്കുന്നവർ കൃത്യമായ ആസൂത്രണത്തോടെ നടപ്പിലാക്കുന്ന കുടില പദ്ധതികളാണ് രാജ്യത്തെ ഈ പതനത്തിൽ കൊണ്ടെത്തിച്ചിരിക്കുന്നത്.**



യാഥാർത്ഥ്യത്തിന് നിരക്കാത്ത പൊള്ളയായ വാക്കുകളും വാഗ്ദാനങ്ങളുമാണ് മോദി ഭരണത്തിന്റെ മുഖമുദ്ര. സമ്പദ്ഘടനയെ ശക്തിപ്പെടുത്തുമെന്ന് വീമ്പിളക്കിയ നോട്ടുനിരോധനം വലിയ തകർച്ചയാണുണ്ടാക്കിയിരിക്കുന്നതെന്ന് സാമ്പത്തിക ശാസ്ത്രമറിയാത്തവർക്കുപോലുമിന്ന് വ്യക്തമാണ്. എന്നിട്ടും അതേക്കുറിച്ചുള്ള വായ്ത്താരികൾക്ക് കുറവൊന്നുമില്ല. നോട്ടുനിരോധനത്തിനുശേഷം ഭീകരപ്രവർത്തനം വർദ്ധിച്ചുവെന്നുമാത്രം 'മൻ കി ബാത്തി'ൽ പ്രധാനമന്ത്രി സമ്മതിച്ചു. കള്ളപ്പണം വെളുപ്പിച്ചെടുക്കാനുള്ള ഉപായംകൂടി നോട്ട് നിരോധനത്തിൽ ഉൾച്ചേർന്നിരുന്നു എന്ന വിമർശനങ്ങളും ശക്തമാണ്. ഇന്ന് രാജ്യത്ത് നടക്കുന്ന കള്ളപ്പണ ഇടപാടിൽ ബിജെപിയുടെ പങ്ക് ചെറുതല്ല. പ്രസിഡന്റ് തെരഞ്ഞെടുപ്പ് മുതൽ ഗുജറാത്ത് തെരഞ്ഞെടുപ്പ് വരെ കള്ളപ്പണത്തിന്റെ കരുത്തിലാണ് ബിജെപി കരുക്കൾ നീക്കുന്നത്. നോട്ട് നിരോധനത്തിന്റെ കെടുതികൾ മുൻനിർത്തി ധനകാര്യമന്ത്രി അരുൺ ജെയ്റ്റ്ലിയെ പുറത്താക്കണമെന്ന് മുൻ ധനകാര്യമന്ത്രിയും ബിജെപി നേതാവുമായ യശ്വന്ത് സിൻഹ തന്നെ ആവശ്യപ്പെട്ടിരിക്കുന്നു.

ഗുജറാത്ത് മോഡൽ വികസനത്തെക്കുറിച്ച് പെരുമ്പറ മുഴക്കിക്കൊണ്ടാണ് പ്രധാനമന്ത്രി പദത്തിലേയ്ക്കുള്ള പാത മോദി സുഗമമാക്കിയത്. എന്നാൽ, ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ കരടുരൂപം തയ്യാറാക്കുന്നതിൽ മുഖ്യ പങ്കുവഹിച്ച പ്രമുഖ സാമ്പത്തിക വിദഗ്ദ്ധൻ ജീൻ ഡ്രീസ് ഈ അവകാശവാദം പൊള്ളയാണെന്ന് സമർത്ഥിക്കുന്നു. വികസന മാതൃകകളിൽ ഗുജറാത്ത് ശരാശരി മാത്രം. സാമൂഹിക, മാനവ വികസന, ശിശുക്ഷേമ, ദാരിദ്ര്യ സൂചികകളിലൊക്കെ ഇതാണ് സ്ഥിതി. മോദിക്കുമുമ്പും ശേഷവുമുള്ള ഗുജറാത്ത് വ്യത്യസ്തമല്ലെന്നും അദ്ദേഹം സ്ഥാപിക്കുന്നു. മോദി ഭരണത്തിന് നല്ല സർട്ടിഫിക്കറ്റ് നൽകാൻ വ്യഗ്രത കാണിച്ച 'മൂഡീസ് റേറ്റിംഗ്' സംബന്ധിച്ചാകട്ടെ പലകോണുകളിൽനിന്നും ഗൗരവാവഹമായ വിമർശനവുമുയർന്നിട്ടുണ്ട്. ഇപ്പോൾ ജിഡിപിയിൽ നേരിയ വർദ്ധനവ് ഉണ്ടായത് ചൂണ്ടിക്കാണിച്ച് രാജ്യം വീണ്ടും വളർച്ചയുടെ പാതയിലാണെന്ന് അവകാശപ്പെടാൻ തുടങ്ങിയിരിക്കുന്നു ധനമന്ത്രി. എന്നാൽ ഇടത്തരം,ചെറുകിട മേഖലകൾക്ക് ഊന്നൽ കൊടുക്കാതെ കൃത്രിമമായാണ് ഈ വർദ്ധന സൃഷ്ടിച്ചതെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്.

"വൺമാൻ ഷോയും ടു മെൻ ആർമി"യുമാണ് രാജ്യത്തിനുള്ളത് എന്ന വിമർശനമുയർത്തിയത് കഴിഞ്ഞ ബിജെപി മന്ത്രിസഭയിൽ അംഗവും പ്രമുഖ ബുദ്ധിജീവിയുമായ അരുൺ ഷൂരിയാണ്. മോദി-അമിത് ഷാ കൂട്ടുകെട്ട് എല്ലാ കാര്യങ്ങളും തീരുമാനിക്കുമ്പോൾ മന്ത്രിമാർ പോലും പലതും അറിയുന്നില്ല. ആരും എതിർക്കാൻ ധൈര്യപ്പെടുന്നുമില്ല. പാർട്ടി പ്രസിഡന്റായ അമിത്ഷാ ഇത്ര നിർണായക സ്ഥാനത്ത് നിലകൊള്ളുമ്പോഴാണ് സ്വന്തം മകന്റെ ബിസിനസിലെ ഞെട്ടിപ്പിക്കുന്ന ദുരൂഹതകൾ ഒരു ഓൺലൈൻ പത്രം പുറത്തുകൊണ്ടുവന്നത്. അതിന്റെ സത്യാവസ്ഥ വെളിപ്പെടുത്തുന്നതിനുപകരം മാദ്ധ്യമ സ്വാതന്ത്ര്യത്തിന് കൂച്ചുവിലങ്ങിടാനാണ് ബിജെപി നീക്കം. അഴിമതിയുമായി ബന്ധപ്പെട്ട് രാജസ്ഥാനിലെ ബിജെപി സർക്കാർ കൊണ്ടുവന്ന ഓർഡിനൻസ് ഈ നീക്കത്തിന്റെ ഭാഗമാണ്.

രാജ്യത്തെ ഞെട്ടിച്ച മദ്ധ്യപ്രദേശിലെ വ്യാപം അഴിമതിയും അനുബന്ധ കൊലപാതകങ്ങളും ബിജെപി ഭരണത്തിന്റെ ഭീകരമുഖമാണ് വെളിപ്പെടുത്തിയത്. റാഫേൽ യുദ്ധവിമാന വിഷയത്തിൽ കേന്ദ്ര പ്രതിരോധമന്ത്രാലയത്തിനു നേരെയും ഇപ്പോൾ അഴിമതി ആരോപണം ഉയർന്നിരിക്കുന്നു. ഈ ഇടപാടിൽ അനിൽ അംബാനി വമ്പൻ നേട്ടം കൊയ്തു. അഴിമതിയിൽ മാത്രമല്ല കെടുകാര്യസ്ഥതയിലും മോദി ഭരണം മുന്നിലാണ്. രാജ്യ തലസ്ഥാനം മലിനീകരണംമൂലം വാസയോഗ്യമല്ലാതായിട്ട് നാളേറെയായി. എയർ കണ്ടീഷൻഡ് വാഹനങ്ങളിലും മന്ദിരങ്ങളിലും കഴിയുന്ന നേതാക്കന്മാർക്ക് ഇത് അലോസരമുണ്ടാക്കുന്നില്ലെങ്കിലും കോടിക്കണക്കിന് സാധാരണക്കാരുടെ സ്ഥിതി ദയനീയമാണ്. ലോകത്തിന്റെ മുന്നിൽ അപഹാസ്യരാകുന്നതുപോലും ഭൂഷണമായാണോ ഇവർ കരുതുന്നത്? ഇപ്പോഴിതാ ഡെൽഹിയെപ്പോലും പിന്തള്ളി മോദിയുടെ പാർലമെന്റ് മണ്ഡലത്തിൽപെടുന്ന വാരണാസി വായു മലിനീകരണത്തിന്റെ കാര്യത്തിൽ രാജ്യത്ത് ഒന്നാമതെത്തിയിരിക്കുന്നു. രാജ്യത്തെ 48 നഗരങ്ങളിൽ മലിനീകരണ നിയന്ത്രണ ബോർഡ് നടത്തിയ പഠനമാണ് ഇക്കാര്യം പുറത്തുകൊണ്ടുവന്നത്. 'സ്വച്ഛ് ഭാരത്' മുദ്രാവാക്യവുമായി എന്തെല്ലാം കോലാഹലങ്ങളാണ് രാജ്യത്ത് ഇക്കൂട്ടരുണ്ടാക്കിയത്!

ബിജെപി ഭരണത്തെ മുതിർന്ന ബിജെപി നേതാവ് എൽ.കെ അദ്വാനി പരോക്ഷമായി വിമർശിക്കുമ്പോൾ പാർടി എംപിയായ ശത്രുഘ്നൻ സിൻഹ തുറന്ന വിമർശനം തന്നെ നടത്തുന്നു. ജനാധിപത്യത്തിന് നിരക്കാത്ത പ്രവർത്തന ശൈലി മാത്രമല്ല ജനാധിപത്യ സംവിധാനത്തോടുതന്നെയുള്ള വിയോജിപ്പും പുച്ഛവും പ്രകടമാക്കുന്നു മോദി ഭരണം എന്നത് ഭീതിജനകമാണ്. പാർലമെന്റിന്റെ ശീതകാല സമ്മേളനം ഭരണകക്ഷിയുടെ താത്പര്യാർത്ഥം വെട്ടിച്ചുരുക്കി. പ്രധാനമന്ത്രി പാർലമെന്റിൽ അപൂർവ്വമായേ പ്രത്യക്ഷപ്പെടൂ. മാദ്ധ്യമങ്ങളുമായുള്ള ചർച്ച പാടെ ഒഴിവാക്കിയിരിക്കുന്നു. ഗവണ്മെന്റിനും ജനങ്ങൾക്കുമിടയിലെ സുപ്രധാന കണ്ണിയാണ് ജനാധിപത്യത്തിൽ മാദ്ധ്യമങ്ങൾ. മാദ്ധ്യമങ്ങളെ അഭിമുഖീകരിക്കാൻ ഭരണത്തലവനായ പ്രധാനമന്ത്രി തയ്യാറാകാത്തത് ജനാധിപത്യ വ്യവസ്ഥയോടുതന്നെയുള്ള അവഹേളനവും ജനവിരുദ്ധ നയങ്ങളെയും നിലപാടുകളെയും സംബന്ധിച്ചുള്ള ചോദ്യങ്ങളിൽനിന്നുള്ള ഒളിച്ചോട്ടവുമാണ്.

പട്ടാള ബജറ്റ് ഭീമമായി വർദ്ധിപ്പിക്കൽ, പട്ടാളത്തെ മഹത്വവൽക്കരിക്കൽ, ദേശസ്നേഹത്തിന്റെ കുത്തക അവകാശപ്പെടൽ, സങ്കുചിത ദേശീയവാദം പോഷിപ്പിക്കൽ, ന്യൂനപക്ഷങ്ങളോടും ദലിതുകളോടുമുള്ള വിവേചനം, അതിർത്തി രാജ്യങ്ങളോട് പുലർത്തുന്ന അസഹിഷ്ണുത, അതിർത്തിയിലെ പ്രകോപനപരമായ ഇടപെടൽ, അമേരിക്ക-ഇസ്രായേൽ കൂട്ടുകെട്ടുമായിച്ചേർന്നുള്ള സൈനിക കരുനീക്കങ്ങൾ തുടങ്ങിയവയൊക്കെ ജനാധിപത്യ മൂല്യങ്ങൾ പുലർന്നുകാണാൻ ആഗ്രഹിക്കുന്നവരെ ആശങ്കപ്പെടുത്തുന്ന കാര്യങ്ങളാണ്. റോഹിംഗ്യൻ അഭയാർത്ഥികളോട് സ്വീകരിച്ച നിലപാടും നമ്മുടെ നാടിന്റെ ജനാധിപത്യ പാരമ്പര്യത്തിന് നിരക്കാത്തതും അന്താരാഷ്ട്ര മര്യാദകൾ ലംഘിക്കുന്നതുമായിരുന്നു.

അക്കാദമിക് സമിതികൾ പിടിച്ചടക്കി സംഘപരിവാർ വക്താക്കളെ അവരോധിച്ചതായിരുന്നു ജനാധിപത്യത്തിനുനേർക്ക് നടന്ന മറ്റൊരാക്രമണം. ജനാധിപത്യ സമിതികളിൽ പിടിമുറുക്കിക്കൊണ്ട് രാജ്യത്തെ ബൗദ്ധികാന്തരീക്ഷത്തെ സംഘപരിവാർ കാഴ്ചപ്പാടുകൾക്കിണങ്ങുംപടി രൂപപ്പെടുത്തിയെടുക്കാനാണിവർ ശ്രമിച്ചത്. കേരള ഹൈക്കോടതി നിർദ്ദേശിച്ച ചിത്രത്തിനുപോലും ഗോവ അന്താരാഷ്ട്ര ഫിലിം ഫെസ്റ്റിവലിൽ പ്രദർശനാനുമതി നിഷേധിച്ചതും സാങ്കേതിക കാര്യങ്ങളും മുടന്തൻ ന്യായങ്ങളും പറഞ്ഞ് സെൻസർ സർട്ടിഫിക്കറ്റ് റദ്ദാക്കിയതുമൊക്കെ ഈ പദ്ധതിയുടെ ഭാഗമായേ കാണാൻ കഴിയൂ. മറ്റൊരു സിനിമ പുറത്തിറങ്ങുന്നതിനുമുമ്പുതന്നെ അതിൽ ചരിത്രം വളച്ചൊടിച്ച് അവതരിപ്പിച്ചിരിക്കുന്നു എന്നാക്രോശിച്ചുകൊണ്ട് നടിയുടെ മൂക്കുചെത്തുമെന്നും സംവിധായകന്റെ തല വെട്ടുമെന്നുമൊക്കെ പ്രഖ്യാപനങ്ങളുണ്ടായിരിക്കുകയാണ്. തല വെട്ടുന്നവർക്ക് ബിജെപി നേതാവ് 10 കോടി രൂപയാണ് പ്രതിഫലം പ്രഖ്യാപിച്ചിരിക്കുന്നത്. ബിജെപിക്കാരനായ ഉപരാഷ്ട്രപതിക്കുപോലും ഇതിനെതിരെ പ്രതികരിക്കേണ്ടിവന്നിരിക്കുന്നു.

ചരിത്രത്തെ സംഘപരിവാർ ആശയങ്ങൾക്കിണങ്ങുംപടി യഥേഷ്ടം, അപഹാസ്യമാംവിധം വളച്ചൊടിക്കുന്നവരാണ് ഇപ്പോൾ ചരിത്രത്തെക്കുറിച്ച് ആവലാതിപ്പെടുന്നത്. ഗോവ ചലച്ചിത്ര മേളയിലേയ്ക്ക് ജൂറി തെരഞ്ഞെടുത്ത രണ്ട് ചിത്രങ്ങൾ കേന്ദ്ര വാർത്താവിതരണ മന്ത്രാലയം ഒഴിവാക്കുകയും മറ്റുരണ്ടു ചിത്രങ്ങൾ ഉൾപ്പെടുത്തുകയും ചെയ്തതിൽ പ്രതിഷേധിച്ച് ജൂറി ചെയർമാനും അംഗങ്ങളും രാജിവച്ചു. ഇതുമൊരു സൗകര്യമായാണ് ഇവർ കാണുന്നത്.

നീതിന്യായ വ്യവസ്ഥയോടും ബിജെപി ഭരണത്തിന് നിഷേധാത്മക നിലപാടാണുള്ളത്. ജുഡീഷ്യൽ നിയമന കമ്മീഷന്റെ വിഷയത്തിൽ സുപ്രീംകോടതിയുമായി സർക്കാർ കൊമ്പുകോർത്തിരിക്കുകയാണ്. ദൈവത്തിന്റെ കാര്യം കോടതിയല്ല തീരുമാനിക്കേണ്ടത് എന്നുപറഞ്ഞുകൊണ്ട് ബാബരി മസ്ജിദ് വിഷയത്തിൽ മുമ്പുതന്നെ ഇവർ നിയമവാഴ്ചയെ വെല്ലുവിളിച്ചിട്ടുള്ളതാണ്. ഇപ്പോഴിതാ സുപ്രീംകോടതി വിധി വരുന്നതിനുമുമ്പുതന്നെ അയോദ്ധ്യയിൽ രാമക്ഷേത്രം നിർമിക്കുമെന്ന് ആർഎസ്എസ് മേധാവി പ്രഖ്യാപിച്ചിരിക്കുന്നു. താജ്മഹലിനെതിരായ നീക്കങ്ങളും ഇതോടുചേർത്ത് വേണം കാണാൻ. സംഘപരിവാർ എതിർപ്പിനെത്തുടർന്ന് ലഖ്നൗ സാഹിത്യോത്സവത്തിന് അനുമതി നിഷേധിക്കപ്പെട്ടതും കനയ്യകുമാർ ആക്രമിക്കപ്പെട്ടതുമൊക്കെ അടുത്തിടെയാണ്. ബ്രിട്ടീഷ് വിരുദ്ധ പോരാട്ടത്തിന്റെ വീറുറ്റ പ്രതീകവും അന്യമതസ്ഥരോട് മാതൃകാപരമായ സൗഹാർദ്ദം പുലർത്തിയ വ്യക്തിത്വവും ആധുനികവത്ക്കരണത്തിന്റെ പ്രണേതാവുമൊക്കെയായി ചരിത്രം രേഖപ്പെടുത്തിയിട്ടുള്ള ടിപ്പു സുൽത്താന്റെ ജയന്തി ആഘോഷത്തിനെതിരെ കർണാടകത്തിൽ സംഘപരിവാർ ഉറഞ്ഞുതുള്ളി. ജാതിക്കും മതത്തിനും അതീതമായ ജനാധിപത്യ സമൂഹം കെട്ടിപ്പടുക്കുന്നതിൽ മിശ്ര വിവാഹങ്ങൾക്കുള്ള പങ്ക് നിർണായകമാണെന്നിരിക്കെ ഇതിനോടുള്ള സംഘപരിവാർ അസഹിഷ്ണുത മറനീക്കി പുറത്തുവന്നത് ഹാദിയ കേസിലും കണ്ടു. പ്രഗത്ഭരും പ്രശസ്തരുമായ വ്യക്തിത്വങ്ങളോടുപോലും രാജ്യം വിട്ടുപൊയ്ക്കൊള്ളാൻ ആക്രോശിക്കുന്ന ഇവർ പശുവിന്റെ പേരിൽ എത്ര അരുംകൊലകളാണ് രാജ്യത്ത് നടത്തിയത്. ഇതിനെതിരായ സുപ്രീംകോടതി നിർദ്ദേശങ്ങൾക്കുപോലും ഇവർ പുല്ലുവിലയാണ് കൽപ്പിക്കുന്നത്. ഉന്നത വ്യക്തിത്വങ്ങളെ അരിഞ്ഞുതള്ളുന്നവർ പോലും ശിക്ഷിക്കപ്പെടുന്നില്ല എന്നത് ഭീകരമാണ്. പൊതുവെ വാചാലനായ പ്രധാനമന്ത്രി ഇത്തരം സന്ദർഭങ്ങളിൽ മൗനം പാലിക്കുന്നതും കുറ്റകരംതന്നെയാണ്.

അന്ധതയും അസഹിഷ്ണുതയും മതവൈരവും ആൾക്കൂട്ടത്തിന്റെ ആക്രമണങ്ങളുമെല്ലാം ഭീതിജനകമാംവിധം വർദ്ധിച്ചുവരുന്നതിനിടയിലാണ് ഗുജറാത്തിലെ സൊറാബുദ്ദീൻ ഷെയ്ഖ് വ്യാജ ഏറ്റുമുട്ടൽ കേസുമായി ബന്ധപ്പെട്ട് ഞെട്ടിപ്പിക്കുന്ന വിവരങ്ങൾ പുറത്തുവരുന്നത്. കേസിലെ പ്രധാനപ്രതിയും ഗുജറാത്തിലെ മുൻ ആഭ്യന്തര മന്ത്രിയും ബിജെപി അദ്ധ്യക്ഷനുമായ അമിത്ഷാ കോടതിയിൽ നേരിട്ട് ഹാജരാകണമെന്നാവശ്യപ്പെട്ട ജഡ്ജി ഹർകിഷൻലോയ വിചാരണ നടക്കുന്ന കാലയളവിൽത്തന്നെ നാഗ്പൂരിലെ ഒരു ഹോട്ടലിൽ മരിച്ചനിലയിൽ കണ്ടെത്തപ്പെട്ടിരുന്നു. വിധിയെ സ്വാധീനിക്കാൻ ഈ ജഡ്ജിക്ക് 100 കോടി രൂപ ബോംബെ ഹൈക്കോടതി ചീഫ് ജസ്റ്റിസായിരുന്ന മോഹിത്ഷാ വാഗ്ദാനം ചെയ്തിരുന്നു എന്ന വെളിപ്പെടുത്തലാണ് ഇപ്പോൾ ഉണ്ടായിരിക്കുന്നത്. കൊല്ലപ്പെട്ട ജഡ്ജിയുടെ സഹോദരി അനുരാധ ബിയാനി 'കാരവൻ' മാസികയിലൂടെയാണ് ഈ വെളിപ്പെടുത്തൽ നടത്തിയത്.

ആയിരക്കണക്കിന് മുസ്ലീങ്ങൾ വംശഹത്യക്കിരയായ ഗുജറാത്ത് കലാപവേളയിൽ മോദി മുഖ്യമന്ത്രിയും അമിത്ഷാ ആഭ്യന്തര മന്ത്രിയുമായിരുന്നു. അന്ന് പ്രധാനമന്ത്രിയായിരുന്ന അടൽ ബിഹാരി വാജ്പേയ് ഗുജറാത്ത് സർക്കാരിന്റെ നിലപാടിനെ പരസ്യമായി വിമർശിച്ചിരുന്നു. എന്നാൽ ഇരുവരും കുറ്റവിമുക്തരാക്കപ്പെട്ടിരിക്കുന്നു! നീതിന്യായ സംവിധാനം സത്യം സ്ഥാപിക്കുന്നതിലും ജനസാമാന്യത്തിന് നീതി ലഭ്യമാക്കുന്നതിലും എത്രത്തോളം ഉപകരിക്കുന്നുണ്ട് എന്നകാര്യം വിശദമായ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതാണ്. പ്രത്യേകിച്ചും പോലീസ്-ഉദ്യോഗസ്ഥ സംവിധാനങ്ങൾ നിഷ്പക്ഷത വെടിഞ്ഞ് ഭരണകക്ഷിയുടെയും സമ്പന്നവർഗ്ഗങ്ങളുടെയും താത്പര്യങ്ങൾക്കനുസരിച്ച് നിലപാടെടുക്കുന്ന ഇന്നത്തെ അവസ്ഥയിൽ. പുതിയ വെളിപ്പെടുത്തലുകളുടെ പശ്ചാത്തലത്തിൽ സൊറാബുദ്ദീൻ കേസ് പുനർവിചാരണ ചെയ്യണമെന്ന് യശ്വന്ത് സിൻഹയും ആവശ്യപ്പെട്ടിട്ടുണ്ട്.

ജനാധിപത്യ സ്ഥാപനങ്ങളുടെ തകർച്ച രാജ്യത്തെ ഫാസിസത്തിലേയ്ക്കാണ് നയിക്കുക. രാജ്യത്തിന്റെ സമ്പത്താകെ ഏതാനും കുടുംബങ്ങളുടെ കയ്യിൽ കേന്ദ്രീകരിക്ക

(ശേഷം 3-ാം പേജിൽ)



**കെഎസ്ആർടിസി പെൻഷനേഴ്സ് ഓർഗനൈസേഷന്റെ നേതൃത്വത്തിൽ കായംകുളം ബസ് സ്റ്റേഷനിൽ നടന്ന പ്രതിഷേധ സമരത്തിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന കമ്മിറ്റി അംഗം സഖാവ് എസ്.സീതിലാൽ പ്രസംഗിക്കുന്നു**



# ബാബ്റി മസ്ജിദ് തകർക്കപ്പെട്ടിട്ട് 25വർഷം
# ഡിസംബർ 6 കരിദിനമായി ആചരിച്ചു




സെക്രട്ടേറിയറ്റിന് മുന്നിലെ കരിദിനാചരണ പരിപാടി എസ്.യുസി ഐ(സി) സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സഖാവ് ജി.എസ്.പത്മകുമാർ ഉദ്ഘാടനം ചെയ്യുന്നു




കോട്ടയം ടൗണിൽ നടന്ന പ്രകടനം

25 വർഷങ്ങൾക്ക് മുമ്പ് ബാബറി മസ്ജിദ് തകർക്കപ്പെട്ടത് സ്വതന്ത്ര ഇന്ത്യയുടെ ചരിത്രത്തിലെ ഒരു കറുത്ത ഏടായി ഇന്നും നിലനിൽക്കുന്നു. അന്ന് കേന്ദ്രം ഭരിച്ച കോൺഗ്രസ് സർക്കാരിന്റെ പരോക്ഷ പിന്തുണയോടെയും ഉത്തർപ്രദേശ് ഭരിച്ച ബി.ജെ.പി സർക്കാരിന്റെ ഒത്താശയോടെയും നടത്തിയെടുത്ത ഈ അക്രമം മതേതര ജനാധിപത്യ ആശയങ്ങൾക്കുമേൽ ആധുനിക ഇന്ത്യ കണ്ട ഏറ്റവും ഗുരുതരമായ ആഘാതമായിരുന്നു. ഒരു ആധുനിക ജനാധിപത്യ രാഷ്ട്രമായി ബലപ്പെടുത്തിയെടുക്കുന്നതിനുപകരം അതിന്റെ അടിത്തറ തന്നെ പൊളിക്കാൻ പോന്നവിധം മുരത്ത അസഹിഷ്ണുതയും ഫാസിസ്റ്റ് സ്വഭാവവും പ്രകടിപ്പിക്കുന്ന ഹിന്ദുരാഷ്ട്രമെന്ന ആർ.എസ്.എസ് പദ്ധതി നടപ്പിലാക്കാൻ ലക്ഷ്യം വെക്കുന്ന കറുത്ത ശക്തികൾ രാജ്യത്തുണ്ടെന്ന യാഥാർത്ഥ്യമാണ് ഈ സംഭവം വ്യക്തമാക്കിയത്. അന്ന് ബാബ്റി മസ്ജിദ് തകർത്ത, ആർ.എസ്.എസ് സ്പോൺസർ ചെയ്ത, ബി.ജെ.പി നേതാക്കൾ നയിച്ച അതേ സ്വകാര്യസേനകൾ ഇന്ന് അധികാരത്തിലിരിക്കുന്ന ബി.ജെ.പിയുടെ രക്ഷാകർതൃത്വത്തിൽ നിയമം കയ്യിലെടുത്ത് അഴിഞ്ഞാടുകയാണ്. ഗോവധം ആരോപിച്ചുകൊണ്ടുള്ള കള്ളപ്രചരണങ്ങൾ നടത്തിക്കൊണ്ട് ദളിതുകൾക്കും മുസ്ലീങ്ങൾക്കുമെതിരെ കിരാത ആക്രമണങ്ങൾ നടത്തുകയാണവർ. സദാചാര പോലീസ് ചമഞ്ഞുകൊണ്ട് അവർ യുവാക്കളോട് എന്ത് വസ്ത്രം ധരിക്കണമെന്നും, എന്ത് ഭക്ഷണം കഴിക്കണമെന്നും ആരോട് സൗഹൃദം കാണിക്കണമെന്നും ആജ്ഞാപിക്കുകയാണ്. നാട്ടിലെ നിയമങ്ങൾ മുറുകെ പിടിക്കേണ്ടതിനുപകരം ബി.ജെ.പി മന്ത്രിമാർ ഇത്തരം അതിക്രമങ്ങളെ തുറന്ന് പിന്തുണക്കുകയാണ്.




പത്തനംതിട്ടയിൽ നടന്ന കരിദിനാചരണ യോഗത്തിൽ ജില്ലാ സെക്രട്ടറി സഖാവ് എസ്.രാജീവൻ പ്രസംഗിക്കുന്നു




കായംകുളം ടൗണിൽ നടന്ന കരിദിനാചരണ യോഗം




കോഴിക്കോട് ടൗണിൽ നടന്ന യോഗത്തിൽ ജില്ലാ സെക്രട്ടറി സഖാവ് എ.ശേഖർ പ്രസംഗിക്കുന്നു




സുൽത്താൻ ബത്തേരിയിലെ കരിദിനാചരണ യോഗത്തൽ ജില്ലാ സെക്രട്ടറി സഖാവ് വി.കെ.സദാനന്ദൻ പ്രസംഗിക്കുന്നു




പാലക്കാട് പ്രതിഷേധ യോഗത്തിൽ ജില്ലാ സെക്രട്ടറി സഖാവ് അബ്ദുൾ അസീസ് പ്രസംഗിക്കുന്നു

ഇന്ത്യൻ ജനാധിപത്യത്തിനേറ്റ ഈ കടുത്ത ക്ഷതത്തിന് കാൽനൂറ്റാണ്ടായെങ്കിലും ഈ പാതകത്തിനുത്തരവാദികളായവർക്കെതിരെ യാതൊരു നടപടികളും ഇതേവരെ സ്വീകരിച്ചിട്ടില്ല. ജനാധിപത്യകാംക്ഷികൾ ഈ അന്യായത്തിന് ഒരിക്കലും മാപ്പ് നൽകില്ല. ഉത്തരവാദികൾക്ക് മതിയായ ശിക്ഷ നൽകുന്നതുവരെ പോരാട്ടം മുന്നോട്ട് കൊണ്ടുപോകും.

ഡോ.ബാബാസാഹേബ് അംബേദ്ക്കറുടെ ചരമദിനം കൂടിയായ ഡിസംബർ 6 രാജ്യമെമ്പാടും ദളിതുകൾക്കെതിരെയും മതേതര-ജനാധിപത്യമൂല്യങ്ങളുടെമേലും വർഗ്ഗീയശക്തികൾ നടത്തുന്ന കടന്നാക്രമണങ്ങളെ ചെറുക്കാനുള്ള ക്യാമ്പയിൻ ദിനമായും ആചരിച്ചു.

ദേശീയതലത്തിൽ എസ.യു.സി.ഐ (കമ്യൂണിസ്റ്റ്) ഉൾപ്പെടെയുള്ള ആറ് ഇടത് പാർട്ടികൾ ചേർന്ന് ആഹ്വാനം ചെയ്ത ഈ കരിദിനാചരണത്തിന്റെ ഭാഗമായി അന്നേദിവസം കേരളത്തിലെ വിവിധ ജില്ലകളിൽ എസ്.യു.സി.ഐ(കമ്യൂണിസ്റ്റ്)ന്റെയും ജനകീയ പ്രതിരോധ സമിതിയുടെയും ആഭിമുഖ്യത്തിൽ ആഭിമുഖ്യത്തിൽ വിവിധ പ്രതിഷേധ പരിപാടികൾ നടന്നു●



കരിദിനാചരണത്തിന്റെ ഭാഗമായി ഡിസംബർ 5ന് കൊല്ലം ടൗണിൽ സംഘടിപ്പിച്ച പ്രതിഷേധ കൂട്ടായ്മ ജനകീയ പ്രതിരോധ സമിതി ജില്ലാ പ്രസിഡന്റ് എ.ജയിംസ് ഉദ്ഘാടനം ചെയ്യുന്നു




കണ്ണൂർ ടൗണിൽ നടന്ന പ്രതിഷേധ യോഗത്തിൽ ഡോ.ഡി.സുരേന്ദ്രനാഥ് പ്രസംഗിക്കുന്നു

## മോദിഭരണം...

(2-ാം പേജിൽ നിന്ന്)

പ്പെടുകയും രാഷ്ട്രീയാധികാരത്തെ ഇവർ നിയന്ത്രിക്കുകയും ചെയ്യുന്ന സ്ഥിതിയാണിന്നുള്ളത്. ജനങ്ങൾ പൊരുതിനേടിയ അവകാശങ്ങളെല്ലാം തിരിച്ചുപിടിക്കുകയാണ്. ആഗോളീകരണ നയങ്ങൾ കോർപ്പറേറ്റുകളുടെ ലാഭം പെരുക്കുകയും ജനങ്ങൾക്ക് ദുരിതങ്ങൾമാത്രം വച്ചുനീട്ടുകയും ചെയ്യുന്നു. ആഗോളമായിത്തന്നെ പ്രതിസന്ധിയിലകപ്പെട്ട മുതലാളിത്തവ്യവസ്ഥ ആ പ്രതിസന്ധിയുടെ ഭാരമെല്ലാം ജനങ്ങളുടെ ചുമലിലേയ്ക്കിറക്കിവയ്ക്കുകയാണ്. ഗവണ്മെന്റുകളുടെ ജനദ്രോഹ നയങ്ങളിലൂടെയാണ് ഇത് നിർവ്വഹിക്കപ്പെടുന്നത്. നോട്ട് നിരോധനവും ജിഎസ്ടിയും കുത്തകകൾക്ക് നൽകുന്ന ആനുകൂല്യങ്ങളും സബ്സിഡികൾ നിർത്തലാക്കലുമടക്കം, ബിജെപി ഗവണ്മെന്റിന്റെ മുഴുവൻ നയങ്ങളും ഈ ദിശയിലുള്ളതാണ്. ജനജീവിതം ദുരിതമയമാകുമ്പോൾ ജനങ്ങൾ പ്രതിഷേധവുമായി തെരുവിലണയും. രക്ഷകരായി അവതരിപ്പിക്കപ്പെടുന്ന ഭരണാധികാരികളും ഗവണ്മെന്റുകളുമൊക്കെ ചുരുങ്ങിയ കാലംകൊണ്ടുതന്നെ ജനങ്ങളുടെ വെറുപ്പിന് പാത്രമാകും.

ജനസമരങ്ങൾക്ക് ശരിയായ നേതൃത്വവും ദിശയും ലഭിച്ചാൽ മുതലാളിത്ത വ്യവസ്ഥയ്ക്ക് പിന്നെ നിലനിൽപ്പുണ്ടാകില്ല. ജാതിയുടെയും മതത്തിന്റെയുമൊക്കെ പേരിൽ ജനങ്ങളിൽ സ്പർദ്ധ വളർത്താനും അന്ധതയിലും യുക്തിരാഹിത്യത്തിലും ജനങ്ങളെ തളച്ചിടാനും മുതലാളിവർഗ്ഗം ശ്രമിക്കുന്നത് ജനകീയൈക്യത്തെ തകർക്കാനാണ്. ബിജെപിയും അവരെ നയിക്കുന്ന സംഘപരിവാറും ഈ ലക്ഷ്യത്തോടെ സമഗ്രമായൊരു പദ്ധതിയാണ് ആവിഷ്കരിച്ചിരിക്കുന്നത്. ജനാധിപത്യസ്ഥാപനങ്ങളോടുള്ള അവഗണനയും എതിരഭിപ്രായങ്ങളോടുള്ള അസഹിഷ്ണുതയും അന്ധമായ ആൾക്കൂട്ടങ്ങളിലൂടെ അരങ്ങേറുന്ന അക്രമങ്ങളും ചരിത്രത്തോടും ശാസ്ത്രത്തോടും പുലർത്തുന്ന നിഷേധാത്മക നിലപാടുമെല്ലാം ഈ ഹീന പദ്ധതിയുടെ ഭാഗമാണ്. ഈ യാഥാർത്ഥ്യം തിരിച്ചറിഞ്ഞ് ജനാധിപത്യ-മതേതര ധാരയെ ശക്തിപ്പെടുത്തുക എന്നതാണ് ഏതൊരു പൗരന്റെയും ഉത്തരവാദിത്വം.

മുതലാളിവർഗ്ഗ സേവകരായ വലതുപക്ഷ പാർട്ടികൾക്കോ പാർലമെന്ററി നേട്ടങ്ങളിൽ മാത്രം ശ്രദ്ധയൂന്നുന്ന കപട ഇടതുപക്ഷങ്ങൾക്കോ മഹത്തും ബൃഹത്തുമായ ഈ ജനമുന്നേറ്റത്തിന് നായകത്വം വഹിക്കാനാവില്ല. ഉന്നതമായ തൊഴിലാളിവർഗ്ഗ പ്രത്യയശാസ്ത്രത്തിൽ അടിയുറച്ച യാഥാർത്ഥ ഇടതുപക്ഷ ശക്തികൾക്കേ ആ ദൗത്യം നിറവേറ്റാനാകൂ. ഈ യാഥാർത്ഥ്യം കൂടി മനസ്സിൽ വച്ചുകൊണ്ട് രാജ്യത്തെ ഫാസിസ്റ്റ് വിപത്തിൽനിന്ന് രക്ഷിക്കാനുള്ള വിശാലമായ ജനകീയ പ്രസ്ഥാനം കരുപ്പിടിപ്പിച്ചെടുക്കാനായി മുന്നോട്ടുവരാൻ എല്ലാ ജനാധിപത്യ വിശ്വാസികളോടും മനുഷ്യ സ്നേഹികളോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു●




കൽക്കത്തെയിലെ സമ്മേളന വേദി

# ഒരു നൂറ്റാണ്ടിനു ശേഷവും കർത്തവ്യബോധം ജ്വലിപ്പിച്ച്

# നവംബർ വിപ്ലവം

*(1-ാം പേജിൽ നിന്ന്)*

ആ വിപ്ലവത്തിന്റെ പാഠങ്ങളും അതിന്റെ നേതാക്കളെയും ജനമനസ്സുകളിൽ സ്ഥാപിച്ചെടുക്കുകകൂടി ചെയ്തു. ജീവിതത്തിന്റെ നാനാതുറകളിൽ സോവിയറ്റ് യൂണിയൻ കൈവരിച്ച ഔന്നത്യം സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ അനിവാര്യതയിലേയ്ക്ക് ജനമനസ്സുകളെ ആകർഷിച്ചു. നമ്മുടെ രാജ്യത്ത് ജനങ്ങളനുഭവിക്കുന്ന കെടുതികൾക്കുള്ള പരിഹാരം ഇതേ മാർഗ്ഗത്തിൽത്തന്നെയാണെന്ന തിരിച്ചറിവ് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ ആഹ്വാനം ചെവിക്കൊണ്ട് വിപ്ലവപാതയിലണയാൻ അവരെ പ്രേരിപ്പിക്കുകയാണ്.

നഗര കേന്ദ്രമായ എസ്പ്ലനേഡിലായിരുന്നു സമ്മേളനവേദി. പതിറ്റാണ്ടുകളായി ഈ വിപ്ലവ പ്രസ്ഥാനത്തെ അടുത്തറിയുന്ന കൽക്കത്ത നിവാസികൾ രാവിലെ മുതൽതന്നെ സമ്മേളനവേദിയിലേയ്ക്ക് എത്തിക്കൊണ്ടിരുന്നു. 11 മണിയായതോടെ അവിടം ജനസാഗരമായിത്തീർന്നു. റഷ്യൻ വിപ്ലവത്തിന്റെ ശില്പിയും ലോകത്തെ ആദ്യത്തെ സോഷ്യലിസ്റ്റ് രാഷ്ട്രം സ്ഥാപിച്ച അതികായനായ മാർക്സിസ്റ്റ് ആചാര്യനുമായ മഹാനായ ലെനിന്റെയും, സോഷ്യലിസത്തിന് ഉറച്ച അടിത്തറ പ്രദാനം ചെയ്തുകൊണ്ട് സോവിയറ്റ് യൂണിയനെ ഏതാനും വർഷങ്ങൾക്കുള്ളിൽത്തന്നെ ലോകത്തെ രണ്ടാമത്തെ വൻശക്തിയാക്കിത്തീർത്ത ലെനിന്റെ അർഹനായ ശിഷ്യൻ മഹാനായ സ്റ്റാലിന്റെയും ചിത്രങ്ങൾ ആലേഖനം ചെയ്തതായിരുന്നു പ്രൗഢഗംഭീരമായ സമ്മേളന വേദി. ചുവന്ന കൊടിതോരണങ്ങൾകൊണ്ട് അലംകൃതമായ വേദിയിൽ അരിവാൾ ചുറ്റിക നക്ഷത്രവും ആലേഖനം ചെയ്യപ്പെട്ടിരുന്നു.

### എക്സിബിഷൻ ഉദ്ഘാടനം

മുതിർന്ന പോളിറ്റ് ബ്യൂറോ അംഗം സഖാവ് രഞ്ജിത് ധർ 12 മണിക്ക് ഉദ്ധരണി പ്രദർശനം ഉദ്ഘാടനം ചെയ്തതോടെ സമാപന പരിപാടികൾക്ക് തുടക്കമായി. തൊഴിലാളിവർഗ്ഗ ആചാര്യന്മാരുടെ ഉദ്ധരണികളും റഷ്യൻ വിപ്ലവവുമായി ബന്ധപ്പെട്ട ഫോട്ടോകളും ഉൾപ്പെടുന്നതായിരുന്നു പ്രദർശനം. റഷ്യൻ വിപ്ലവത്തിന്റെ ചരിത്രത്തെക്കുറിച്ച് ഒരേകദേശ ധാരണ കിട്ടാനും ആ വിപ്ലവത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനും അവസരം നൽകുന്നതാണ് എക്സിബിഷൻ എന്ന് ഉദ്ഘാടന കർമ്മം നിർവ്വഹിച്ചുകൊണ്ട് സഖാവ് രഞ്ജിത് ധർ പറഞ്ഞു. പാർട്ടിയും മുന്നണി സംഘടനകളും പ്രസിദ്ധീകരിച്ച പുസ്തകങ്ങളുടെ വില്പനയ്ക്കായി ഒരു ബുക്സ്റ്റാളും ക്രമീകരിച്ചിരുന്നു. കമ്മ്യൂണിസ്റ്റുകൾ ജീവിതത്തിൽ അനുവർത്തിക്കേണ്ട തീക്ഷ്ണമായ പ്രത്യയശാസ്ത്ര സമരത്തെക്കുറിച്ച് ശരിയായ കാഴ്ചപ്പാട് പ്രദാനം ചെയ്യുന്നതായിരുന്നു പുസ്തകങ്ങൾ.



സഖാവ് അസിത് ഭട്ടാചാര്യ പതാക ഉയർത്തുന്നു

### പതാകയുയർത്തൽ

ഒരു മണിക്ക് പോളിറ്റ് ബ്യൂറോ മെമ്പർ സഖാവ് അസിത് ഭട്ടാചാര്യ പതാകയുയർത്തി. അതിനുശേഷം വിവിധ സംസ്ഥാനങ്ങളിലെ പാർട്ടി സെക്രട്ടറിമാരും നേതാക്കളും ലെനിന്റെയും സ്റ്റാലിന്റെയും ചിത്രങ്ങൾക്കുമുന്നിൽ പൂക്കളർപ്പിച്ചു. സഖാക്കൾ കെ.ശ്രീധർ(ആന്ധ്ര-തെലങ്കാന), ചന്ദ്രലേഖ ദാസ്(ആസ്സാം), ബിജൻ മണ്ഡൽ(ആൻഡമാൻ നിക്കോബാർ), അരുൺ സിംഗ്(ബിഹാർ), ബിശ്വജിത്ത് ഹാരോദ്(ഛത്തീസ്ഗഢ്), പ്രാൺ ശർമ്മ(ഡൽഹി), ദ്വാരികനാഥ് റാത്ത്(ഗുജറാത്ത്), കേന്ദ്രകമ്മിറ്റിയംഗം സത്യവാൻ(ഹരിയാന), റബിൻ സമാജ്പതി(ജാർഖണ്ഡ്), കേന്ദ്ര കമ്മിറ്റിയംഗം കെ.രാധാകൃഷ്ണ(കർണ്ണാടക), വി.വേണുഗോപാൽ(കേരളം), പ്രതാപ് സാമൽ(മധ്യപ്രദേശ്), അനിൽ ത്യാഗി(ശതാബ്ദി ആചരണ കമ്മിറ്റി, മഹാരാഷ്ട്ര), ദുർജതി ദാസ്(ഒറീസ്സ), അമീന്ദർപാൽ സിംഗ്(പഞ്ചാബ്), രാംഭക്ത ശർമ്മ(ശതാബ്ദി ആചരണ കമ്മിറ്റി, സിക്കിം), എ.രംഗസ്വാമി(തമിഴ്നാട്), അരുൺകുമാർ ഭൗമിക്(ത്രിപുര), പുഷ്പേന്ദ്ര വിശ്വകർമ്മ(യുപി), മുകേഷ് സെംവാൾ(ഉത്തരാഖണ്ഡ്), രാം ദയാൽ ചൗധരി(രാജസ്ഥാൻ), സൗമൻ ബസു(പശ്ചിമ ബംഗാൾ) എന്നിവരാണ് പൂക്കൾ അർപ്പിച്ചത്.

### പൊതുസമ്മേളനം

തൊഴിലാളിവർഗ്ഗത്തിന്റെ മഹാനായ നേതാവും ഗുരുവും മാർഗദർശിയുമായ ലെനിനെക്കുറിച്ചുള്ള ഗാനം ആലപിച്ചുകൊണ്ടാണ് സമ്മേളനം ആരംഭിച്ചത്. കേന്ദ്ര കമ്മിറ്റിയംഗം സഖാവ് ശങ്കർ സാഹ പൊളിറ്റ് ബ്യൂറോ മെമ്പർ സഖാവ് മണിക് മുഖർജിയെ അദ്ധ്യക്ഷ സ്ഥാനത്തേയ്ക്ക് ക്ഷണിച്ചു. തുടർന്ന് കേന്ദ്രകമ്മിറ്റി അംഗങ്ങളായ സഖാക്കൾ ദേബപ്രസാദ് സർക്കാർ, ശങ്കർ സാഹ, ഗോപാൽ കുണ്ടു, ഛായാ മുഖർജി, എന്നിവർ പൂക്കളർപ്പിച്ചു. തുടർന്ന് പൊളിറ്റ് ബ്യൂറോ അംഗങ്ങളായ സഖാക്കൾ രഞ്ജിത് ധർ, അസിത് ഭട്ടാചാര്യ, ബംഗ്ലാദേശിലെ ബസാദ്(മാർക്സിസ്റ്റ്) പാർട്ടി ജനറൽ സെക്രട്ടറി സഖാവ് മൊബിനുൾ ഹൈദർ ചൗധരി, ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ്, അദ്ധ്യക്ഷൻ സഖാവ് മണിക് മുഖർജി എന്നിവരും ലെനിന്റെയും സ്റ്റാലിന്റെയും ചിത്രങ്ങൾക്കുമുമ്പിൽ പൂക്കളർപ്പിച്ചു. തുടർന്ന് യുവ പാർട്ടി വിഭാഗമായ കോംസമോൾ ബ്രിഗേഡ് ഗാർഡ് ഓഫ് ഓണർ നൽകി.

പശ്ചിമ ബംഗാൾ സംസ്ഥാന സെക്രട്ടറി സഖാവ് സൗമൻ ബസുവിന്റെ ആമുഖ പ്രസംഗത്തിനുശേഷം സഖാവ് കെ.രാധാകൃഷ്ണ പ്രസംഗിച്ചു. മാർക്സിന്റെ ആശയങ്ങൾ ശരിയാണെന്ന് സോഷ്യലിസം സ്ഥാപിച്ചുകൊണ്ട് തെളിയിച്ചതാണ് നവംബർ വിപ്ലവത്തിന്റെ ചരിത്രപ്രാധാന്യമെന്ന് അദ്ദേഹം പറഞ്ഞു. നിരക്ഷരരായ കർഷകരും തൊഴിലാളികളും സംഘടിച്ചുകൊണ്ടാണ് റഷ്യയിൽ ചൂഷണ മുക്തമായ സമൂഹം കെട്ടിപ്പടുത്തത്. 70 വർഷക്കാലം നിലനിന്ന സോവിയറ്റ് സോഷ്യലിസം അതിന് തെളിവാണ്. പിൽക്കാലത്ത് മാർക്സിസം-ലെനിനിസത്തിൽനിന്ന് വ്യതിചലിച്ചപ്പോൾ ആഭ്യന്തരവും ബാഹ്യവുമായ കാരണങ്ങളാൽ ആ വ്യവസ്ഥ തകർക്കപ്പെട്ടു എന്നത് ഒരു ദുഃഖസത്യമാണ്. എന്നാൽ ഇത് ചരിത്രത്തിന്റെ അവസാനമല്ല. വീണ്ടും സോഷ്യലിസവും അതിലൂടെ കമ്മ്യൂണിസവും സ്ഥാപിക്കപ്പെടുകതന്നെ ചെയ്യും.



സഖാവ് മണിക് മുഖർജി അദ്ധ്യക്ഷ പ്രസംഗം നടത്തുന്നു

മാർക്സിസം-ലെനിനിസത്തിന്റെ ഏറ്റവും വികസിതവും സമ്പുഷ്ടവുമായ ധാരണയായ ശിബ്ദാസ്ഘോഷ് ചിന്തകളാൽ സായുധരായി നമ്മൾ ഇന്ത്യൻ വിപ്ലവം യാഥാർത്ഥ്യമാക്കും. ലോകവിപ്ലവം സാക്ഷാത്കരിക്കാൻ മഹത്തായ നവംബർ വിപ്ലവം എക്കാലത്തും തൊഴിലാളിവർഗ്ഗത്തിന് പ്രചോദനമാകുമെന്നും സഖാവ് രാധാകൃഷ്ണ പറഞ്ഞു.

തുടർന്ന് സംസാരിച്ചത് കേന്ദ്ര കമ്മിറ്റിയംഗം സഖാവ് സത്യവാൻ



പൊതുസമ്മേളന സദസ്സ്



കേന്ദ്രനേതാക്കൾ സമ്മേളന വേദിയിൽ

ആണ്. മഹാനായ ലെനിൻ മാർക്സിസത്തിന്റെ അന്തസ്സത്ത സ്വാംശീകരിച്ചുകൊണ്ട് ബോൾഷെവിക് പാർട്ടിക്ക് രൂപം കൊടുക്കുകയും സോഷ്യലിസ്റ്റ് വിപ്ലവത്തെ വിജയത്തിലേയ്ക്ക് നയിക്കുകയും ചെയ്തു. ലെനിനുശേഷം മഹാനായ സ്റ്റാലിൻ സോവിയറ്റ് യൂണിയനെ വമ്പിച്ച പുരോഗതിയിലേക്ക് നയിക്കുകയും നാഗരികതയെ പുതിയൊരു തലത്തിലേയ്ക്ക് ഉയർത്തുകയും ചെയ്തു. വർഗ്ഗചൂഷണമാണ് എല്ലാ തിന്മയുടെയും അടിസ്ഥാന കാരണമെന്നും വർഗ്ഗാധിപത്യം അവസാനിപ്പിക്കുന്നതിലൂടെ എല്ലാവിധ ചൂഷണത്തിനും അടിച്ചമർത്തലിനും അറുതിവരുത്താൻ കഴിയുമെന്നും മഹാനായ മാർക്സ് സമർത്ഥിച്ചു. റഷ്യൻ വിപ്ലവം ഇത് യാഥാർത്ഥ്യമാക്കി. റഷ്യയ്ക്ക് സാധിക്കുമെങ്കിൽ എന്തുകൊണ്ട് ഇന്ത്യൻ തൊഴിലാളി വർഗ്ഗത്തിന് വിപ്ലവം വിജയിപ്പിച്ചുകൂടാ? സഖാവ് ശിബ്ദാസ്ഘോഷ് നമുക്ക് ശരിയായ വിപ്ലവ ലൈനും പാർട്ടിയും പ്രദാനം ചെയ്തിട്ടുണ്ട്. ആ പാഠങ്ങളുടെ അടിസ്ഥാനത്തിൽ വിപ്ലവപ്രക്രിയയിൽ മുഴുകാനും വിപ്ലവം യാഥാർത്ഥ്യമാക്കാനും നമ്മൾ പ്രതിജ്ഞയെടുക്കണമെന്നും സഖാവ് സത്യവാൻ ഓർമ്മിപ്പിച്ചു.

നവംബർ വിപ്ലവം ഇന്ത്യയിലെ അദ്ധ്വാനിച്ച് ജീവിക്കുന്ന ജനവിഭാഗങ്ങളെയാകെ ആവേശം കൊള്ളിക്കുന്നതായി സഖാവ് മണിക് മുഖർജി അദ്ധ്യക്ഷപ്രസംഗത്തിൽ ചൂണ്ടിക്കാണിച്ചു. അതിന്റെ പാഠങ്ങൾ മനസ്സിലാക്കുകയും പ്രാവർത്തികമാക്കുകയും വേണം. നമ്മുടെ കർത്തവ്യങ്ങളെക്കുറിച്ച് സഖാവ് ജനറൽ സെക്രട്ടറി വിശദമായി പ്രതിപാദിക്കുമെന്നും അദ്ദേഹത്തിന്റെ ആഹ്വാനം ഹൃദയംഗമമായി ഉൾക്കൊള്ളണമെന്നും സഖാവ് മണിക് മുഖർജി ആഹ്വാനം ചെയ്തു.

തുടർന്ന് സഖാവ് മൊബിനുൾ ഹൈദർ ഹ്രസ്വമെങ്കിലും ചിന്തോദ്ദീപകമായ ഒരു പ്രസംഗം നടത്തി. മഹത്തായൊരു പ്രത്യയശാസ്ത്രത്തെ അടിസ്ഥാനമാക്കിയാണ് നമ്മൾ ഇന്നിവിടെ ഒത്തുകൂടിയിരിക്കുന്നതെന്ന് സൂചിപ്പിച്ചുകൊണ്ടാണ് സഖാവ് ഹൈദർ പ്രസംഗം ആരംഭിച്ചത്. പാർട്ടി ഒന്നാകെ നടത്തിയ അക്ഷീണ പരിശ്രമത്തിന്റെ ഫലമാണ് ഗംഭീരമായ ഈ സമ്മേളനം. മറ്റുപാർട്ടികൾ സ്ഥാനമാനങ്ങൾക്കും പാർലമെന്ററി നേട്ടങ്ങൾക്കുംവേണ്ടി പരക്കംപായുമ്പോൾ നമ്മൾ ചൂഷിത ജനതയുടെ പോരാട്ടങ്ങൾ വളർത്തിയെടുക്കാനുള്ള യത്നത്തിലാണ്. പാർട്ടിയുടെ ഇന്നത്തെ വളർച്ച അഭിമാനകരമാണ്. സോവിയറ്റ് യൂണിയൻ നിലവിൽ വന്നപ്പോൾ ലോകത്തിന് അത് വലിയ പ്രതീക്ഷ നൽകി. രണ്ടാം ലോകയുദ്ധത്തിൽ സോവിയറ്റ് യൂണിയൻ നേടിയ വിജയം കമ്മ്യൂണിസത്തിന്റെ യശസ്സ് ഉന്നതങ്ങളിലേയ്ക്ക് ഉയർത്തി. സോഷ്യലിസ്റ്റ് ചേരി നിലവിൽ വന്നതോടെ സാമ്രാജ്യത്വ ശക്തികൾക്കുമേൽ സമാധാനം അടിച്ചേൽപ്പിക്കാൻ കഴിഞ്ഞു. മഹാനായ സ്റ്റാലിന്റെ മരണശേഷം തിരുത്തൽവാദികൾ ഈ നേട്ടങ്ങളെയെല്ലാം തകിടം മറിച്ചു.

തിരുത്തൽ വാദത്തെക്കുറിച്ച് ആദ്യം മുന്നറിയിപ്പ് നൽകിയത് സഖാവ് ശിബ്ദാസ്ഘോഷാണ്. അന്തർദ്ദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെ ബാധിച്ചിരിക്കുന്ന യാന്ത്രിക ചിന്താപ്രക്രിയയെക്കുറിച്ചും അദ്ദേഹം മുന്നറിയിപ്പ് നൽകി. സഖാവ് മാവോ സെതുങ്ങിനൊപ്പം ഭാവിവിപൽസാദ്ധ്യതയിലേയ്ക്കും സഖാവ് ഘോഷ് വിരൽചൂണ്ടി. വ്യക്തിവാദത്തിന്റെ വളർച്ചയെക്കുറിച്ചും അതിനെ നേരിടാനുള്ള തീക്ഷ്ണമായ പ്രത്യയശാസ്ത്ര സമരത്തെക്കുറിച്ചും സഖാവ് ഘോഷ് പുതിയ അവബോധം നൽകി. ലെനിനിസ്റ്റ് മാതൃക പിന്തുടർന്ന് ഇന്ത്യൻ മണ്ണിൽ ഒരു യഥാർത്ഥ കമ്മ്യൂണിസ്റ്റ് പാർട്ടി അദ്ദേഹം കെട്ടിപ്പടുത്തു.

സഖാവ് ഘോഷിന്റെ ചിന്തകളെ ആസ്പദമാക്കി ബംഗ്ലാദേശിലും ഒരു യഥാർത്ഥ കമ്മ്യൂണിസ്റ്റ് പാർട്ടി കെട്ടിപ്പടുക്കാനുള്ള അക്ഷീണ പരിശ്രമത്തിലാണ് ഏർപ്പെട്ടിരിക്കുന്നതെന്നും അദ്ദേഹം സൂചിപ്പിച്ചു.





സഖാവ് രഞ്ജിത് ധർ(ഇടത്ത്) സഖാവ് മൊബിനുൾ ഹൈദർ ചൗധരി(വലത്ത്) എന്നിവർ ആചാര്യന്മാരുടെ ചിത്രങ്ങൾക്കുമുമ്പിൽ പുഷ്പചക്രം അർപ്പിക്കുന്നു

സാർവ്വദേശീയതയുടെ തത്വങ്ങളുടെ അടിസ്ഥാനത്തിൽ എസ്‌യുസിഐ(സി)യെ, നേതൃത്വം വഹിക്കുന്ന പാർട്ടിയായാണ് ബംഗ്ലാദേശിലെ ബസാദ്(മാർക്സിസ്റ്റ്) കാണുന്നതെന്നും ഇരുപാർട്ടികൾക്കുമിടയിലുള്ള സാഹോദര്യം നാൾക്കുനാൾ ശക്തിപ്പെടുത്തി മുന്നോട്ടുപോകുമെന്നും അദ്ദേഹം പറഞ്ഞു.

തുടർന്ന് പാർട്ടി ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് ദീർഘമായ ഒരു പ്രസംഗം നടത്തി. അതിന്റെ സംക്ഷിപ്ത രൂപം ചുവടെ കൊടുക്കുന്നു. ശതാബ്ദി ആചരണം വെറുമൊരു ചടങ്ങല്ല എന്ന് ഓർമ്മിപ്പിച്ചുകൊണ്ടാണ് സഖാവ് പ്രൊവാഷ് ഘോഷ് പ്രസംഗം ആരംഭിച്ചത്. ഇത് ഒരു വൈകാരിക അനുഭവമാണ്. അതോടൊപ്പം സുപ്രധാനവുമാണ്. നവംബർ വിപ്ലവത്തിന്റെ പാഠങ്ങൾ ജനഹൃദയങ്ങളിൽനിന്ന് തുടച്ചുനീക്കാനാണ് കച്ചവട മാദ്ധ്യമങ്ങളെല്ലാം ശ്രമിക്കുന്നത്. മനുഷ്യൻ മനുഷ്യനുമേൽ നടത്തുന്ന ചൂഷണത്തിന് അത് അറുതിവരുത്തി. യുഗങ്ങളായി മനുഷ്യരാശി ആഗ്രഹിക്കുന്ന വിമോചനം സാദ്ധ്യമാക്കിയത് മാർക്സിസത്തിന്റെ സർഗ്ഗാത്മകമായ പ്രയോഗത്തിലൂടെ മഹാനായ ലെനിനും പിന്നീട്, മഹാനായ സ്റ്റാലിനുമാണ്.

അന്ന് ലോകത്തെ പ്രമുഖരെല്ലാം റഷ്യൻ വിപ്ലവത്തെ പ്രകീർത്തിച്ചു. സ്വാതന്ത്ര്യവും സമത്വവും സാഹോദര്യവും യാഥാർത്ഥ്യമാക്കിയത് നവംബർ വിപ്ലവമാണ്. സ്റ്റാലിൻ കുറച്ചുകാലംകൂടി ജീവിച്ചിരുന്നെങ്കിൽ, തിരുത്തൽവാദികൾക്ക് പിടിമുറുക്കാൻ അവസരം ലഭിച്ചില്ലായിരുന്നുവെങ്കിൽ ലോകചരിത്രം മറ്റൊന്നാകുമായിരുന്നു. ഇന്ന് സമ്പന്നരും അദ്ധ്വാനിച്ച് ജീവിക്കുന്നവരും തമ്മിലുള്ള അകലം നാൾക്കുനാൾ വർദ്ധിക്കുകയാണ്. സമ്പത്തുമുഴുവൻ ഒരുപിടി ആളുകളുടെ കയ്യിൽ കുന്നുകൂടുകയാണ്. ജനാധിപത്യം ഇന്നൊരു കബളിപ്പിക്കൽ മാത്രമാണ്. തെരഞ്ഞെടുപ്പുകൾ വെറും പാഴ്‌വേലയും.

ജനങ്ങളുടെ ഐക്യം തകർക്കാനും പ്രതിഷേധം അമർച്ച ചെയ്യാനും, വർഗ്ഗീയതയും പ്രാദേശികവാദവും വിഭാഗീയതയും ജാതീയതയുമൊക്കെ ഊട്ടിവളർത്തുകയാണ് മുതലാളി വർഗ്ഗം. എന്നാൽ സോവിയറ്റ് സോഷ്യലിസം ജനങ്ങൾക്ക് അവകാശങ്ങളും സ്വാതന്ത്ര്യവും ജീവിതാഭിവൃദ്ധിയും പൂർണ്ണാർത്ഥത്തിൽ ഉറപ്പാക്കി. സാമ്പത്തികവും സാമൂഹികവുമായ പ്രതിഫലമാണ് അവിടെ ജനങ്ങൾക്ക് ലഭിച്ചത്. മാർക്സിസം-ലെനിനിസം അപ്രായോഗികമോ വെറും വ്യാമോഹമോ അല്ല. അത് ശാസ്ത്രത്തെ അടിസ്ഥാനപ്പെടുത്തിയുള്ളതും സത്യാന്വേഷണത്തിന് മാർഗ്ഗദർശനം നൽകുന്ന ശാസ്ത്രവുമാണ്. മാർക്സിസം-ലെനിനിസത്തിന്റെ സർഗ്ഗാത്മക പ്രയോഗമാണ് സോവിയറ്റ് സോഷ്യലിസത്തിൽ കണ്ടത്.

സാമ്രാജ്യത്വ പിന്തുണയോടെ തിരുത്തൽവാദികൾ നടത്തിയ ഗൂഢാലോചനയുടെ ഫലമായി 70 വർഷങ്ങൾക്കുശേഷം സോഷ്യലിസം അട്ടിമറിക്കപ്പെട്ടു എന്നത് നേരാണ്. ഇത് താത്കാലികമായ തിരിച്ചടി മാത്രമാണ്. ജയപരാജയങ്ങളിലൂടെ നൂറ്റാണ്ടുകൾ താണ്ടിയാണ് അടിമത്തവും ജന്മിത്തവും മുതലാളിത്തവുമൊക്കെ സ്ഥാപിതമായത്. അതുമായി തട്ടിച്ചുനോക്കുമ്പോൾ 70 വർഷം ചെറിയൊരു കാലയളവ് മാത്രമാണ്. സോഷ്യലിസം ലക്ഷ്യംവെച്ചത് മനുഷ്യൻ മനുഷ്യനുമേൽ നടത്തുന്ന ചൂഷണത്തിന് അന്ത്യം കുറിക്കാനാണ്. മുതലാളിത്ത-സാമ്രാജ്യത്വ വാഴ്ചയ്ക്ക് അന്ത്യം കുറിക്കുകയെന്നതാണ് നമ്മുടെ കർത്തവ്യം. ജനകീയ സമരക്കമ്മിറ്റികളും വർഗ്ഗ-ബഹുജന മുന്നേറ്റങ്ങളും വികസിപ്പിച്ചെടുത്തുകൊണ്ട് ജനങ്ങളിൽ വിപ്ലവ പ്രബുദ്ധത വളർത്തിയെടുത്തുകൊണ്ടുവേണം മുതലാളിത്ത ചൂഷണവാഴ്ചയ്ക്ക് അറുതിവരുത്താൻ. ഇതാണ് നമ്മുടെ കടമ. എല്ലാ പ്രയാണങ്ങളും നവംബർ വിപ്ലവത്തെ ലക്ഷ്യംവെച്ചുള്ളതാകട്ടെ. നവംബർ വിപ്ലവത്തിന്റെ സന്ദേശമുൾക്കൊണ്ട് നമുക്ക് ഒന്നിച്ചുമുന്നേറാം●




കോംസമോൾ ബ്രിഗേഡ് ഗാർഡ് ഓഫ് ഓണർ നൽകുന്നു

# ജനാഭിലാഷത്തെ വെല്ലുവിളിച്ച് പിണറായി ഭരണം

**എല്ലാ ഗവണ്മെന്റുകളുടെയും പതിവ് പല്ലവിയാണ് സംസ്ഥാനം സാമ്പത്തിക പ്രതിസന്ധിയിലാണ് എന്നുള്ളത്. ജനക്ഷേമ പ്രവർത്തനങ്ങളിൽനിന്ന് പിന്നാക്കം പോകാനും കടുത്ത സാമ്പത്തിക നടപടികൾ കൈക്കൊള്ളാനുമാണ് ഈ പല്ലവി പാടാറുള്ളത്. എന്നാൽ ജിഎസ്ടി എന്ന പകൽക്കൊള്ളയുടെ പങ്കുപറ്റിക്കൊണ്ടിരിക്കുമ്പോൾത്തന്നെ ഇങ്ങനെയൊരു വിലാപം സംസ്ഥാന ധനകാര്യ മന്ത്രി നടത്തുന്നത് ആശങ്കയുണർത്തുന്നു.**

**കെ**എസ്ആർടിസിയിൽ പരമാവധി 25,000 രൂപയേ പെൻഷൻ നൽകൂ എന്ന തീരുമാനം കൈക്കൊണ്ടത് അടുത്തിടെയാണ്. ക്രിസ്തുമസ്സിനുമുമ്പ് ശമ്പളം നൽകുന്നത് എത്രയോ വർഷങ്ങളായി നിലനിൽക്കുന്ന കീഴ്വഴക്കമാണ്. ഇക്കുറി അതും തെറ്റിക്കുകയാണ്. സാധാരണക്കാരുടെ ജീവിതത്തിലെ അപൂർവ്വം ആഘോഷവേളകളാണ് ഓണവും ക്രിസ്തുമസ്സുമൊക്കെ. അതിനുകൂടി അനുവദിക്കില്ല എന്നത് കഷ്ടം തന്നെ. ട്രഷറികളിൽ ഭാഗിക നിയന്ത്രണം വന്നുകഴിഞ്ഞു. 'കിഫ്ബി' യുടെ പേരിൽ വൻതോതിൽ കടം വാങ്ങിക്കൂട്ടുകയാണ് സർക്കാർ. ഒരു സാമ്പത്തിക ദുരന്തത്തിലേയ്ക്ക് നാടിനെ നയിക്കുന്ന നടപടികളാണിതെല്ലാം.

നടപ്പുവർഷം ഭൂമി രജിസ്ട്രേഷൻ ഏറ്റവും കുറവായിരുന്നു. എന്നാൽ സർക്കാരിന്റെ വരുമാനം വർദ്ധിച്ചതേയുള്ളൂ. കാരണം അന്യായമായ നികുതി നിരക്ക്തന്നെ. ഇപ്പോഴിതാ കെട്ടിടനിർമ്മാണച്ചട്ടം ലംഘിച്ച നിർമ്മാണങ്ങളെല്ലാം ക്രമപ്പെടുത്തിക്കൊടുക്കാൻ തീരുമാനിച്ചിരിക്കുന്നു. പിഴ ഇനത്തിൽ പണം പിടുങ്ങാൻ മാത്രമല്ല നിയമ ലംഘകരിൽനിന്ന് കിമ്പളം തരപ്പെടുത്താനും ഇത് അവസരമൊരുക്കും.

ജനങ്ങളെ പിഴിഞ്ഞൂറ്റുന്നതിലല്ലാതെ ജനജീവിതം മെച്ചപ്പെടുത്തുന്ന കാര്യത്തിൽ ഭരണക്കാർക്ക് യാതൊരു താല്പര്യവുമില്ല. പ്രധാന മന്ത്രി ആവാസ് യോജന പദ്ധതി പ്രകാരം 42,341 വീടുകൾക്ക് അനുമതി നൽകിയിട്ട് നിർമ്മാണം തുടങ്ങിയത് 14,195 മാത്രം. പൂർത്തിയായതാകട്ടെ വെറും 9 ശതമാനവും. കയറുല്പാദനത്തിൽ യന്ത്രവൽക്കരണം, പരിശീലനം, ഉല്പന്നങ്ങൾക്ക് ആഭ്യന്തര-വിദേശ കമ്പോളം എന്നിവയൊക്കെ ലക്ഷ്യംവച്ച് പെരുമണിൽ ആരംഭിച്ച ഹൈടെക് കയർ പാർക്ക് സമാധിയടഞ്ഞുകഴിഞ്ഞു. 'ഇന്ത്യ: ഹെൽത്ത് ഓഫ് ദ നേഷൻസ് സ്റ്റേറ്റ്സ്' എന്ന പേരിൽ ആരോഗ്യ മന്ത്രാലയം പുറത്തിറക്കിയ റിപ്പോർട്ട് പ്രകാരം ജീവിതശൈലീ രോഗങ്ങൾ ഏറ്റവും കൂടുതൽ കേരളത്തിലാണ്. ആരോഗ്യപരിപാലനത്തിന് പേരുകേട്ട ഒരു സംസ്ഥാനം പടിപടിയായി പിന്നാക്കം പോയതിന്റെ ദുരന്ത ഫലങ്ങളിലൊന്നാണിത്.

സംസ്ഥാനത്തെ പിടിച്ചുലച്ച 'ഓഖി' ചുഴലിക്കൊടുങ്കാറ്റിനെ സംബന്ധിച്ച മുന്നറിയിപ്പ് നൽകുന്നതിൽ ഗുരുതരമായ വീഴ്ചയാണ് സംസ്ഥാന സർക്കാർ കാണിച്ചത്. നിരവധി പേരുടെ മരണവും വലിയ തോതിലുള്ള നാശനഷ്ടങ്ങളും യഥാസമയം മുന്നറിയിപ്പ് നൽകിയിരുന്നെങ്കിൽ ഒഴിവാക്കാമായിരുന്നു. ദുരന്ത മേഖലകൾ സന്ദർശിച്ച് ദുരിതബാധിതരെ ആശ്വസിപ്പിക്കുന്നതിലും വലിയ വീഴ്ചയുണ്ടായി. ദുരിതാശ്വാസ പ്രവർത്തനങ്ങളും വേണ്ടത്ര കാര്യക്ഷമമായില്ല. വള്ളങ്ങൾക്കും ബോട്ടുകൾക്കും ഇൻഷുറൻസ് ഇല്ലാത്തതിനാൽ അവയുടെ തകർച്ച മത്സ്യത്തൊഴിലാളികളുടെ ജീവിതം തന്നെ തകർത്തെറിയും.

പിണറായി മന്ത്രിസഭയിൽനിന്ന് രണ്ടുവർഷം തികയുന്നതിനുമുമ്പേ മൂന്നു മന്ത്രിമാർ രാജിവച്ചുകഴിഞ്ഞു. ഇപി ജയരാജന്റെ വിഷയത്തിൽ ഗ്രൂപ്പ് താല്പര്യങ്ങൾകൂടി ഉൾച്ചേർത്തിരുന്നതിനാൽ തീരുമാനം വൈകിയില്ല. എന്നാൽ ശശീന്ദ്രനെ സംരക്ഷിക്കാൻ നല്ല ഉത്സാഹമായിരുന്നു. നിവൃത്തിയില്ലാത്തതുകൊണ്ട് രാജിവച്ചു. ചാനലിനെ പ്രതിസ്ഥാനത്ത് നിർത്തുന്നതോടൊപ്പം മന്ത്രി ധാർമികത പാലിച്ചില്ലെന്നുകൂടി കുറ്റപ്പെടുത്തുന്ന ജെയിംസ് കമ്മീഷൻ റിപ്പോർട്ട് മന്ത്രിയെ കുറ്റവിമുക്തനാക്കി എന്ന വിചിത്ര വാദമുന്നയിച്ച് ശശീന്ദ്രനെ തിരികെ കൊണ്ടുവരാനുള്ള ശ്രമത്തിലാണിപ്പോൾ. തോമസ് ചാണ്ടിയുടെ കാര്യം വന്നപ്പോൾ രാജി ഒഴിവാക്കാൻ പതിനെട്ടടവും പയറ്റി. എന്നിട്ടും രക്ഷ കിട്ടിയില്ല. ആരോഗ്യ മന്ത്രിയും വൈദ്യതി മന്ത്രിയും തൽസ്ഥാനത്ത് തുടരുന്നത് ധാർമികതയ്ക്ക് സിപിഎം വലിയ പ്രാധാന്യം കൽപിക്കുന്നില്ല എന്നതുകൊണ്ടുമാത്രമാണ്.

ഒരു മന്ത്രി ഗവണ്മെന്റിനെതിരെ ഹൈക്കോടതിയിൽ കേസുകൊടുക്കുന്നത് ചരിത്രത്തിൽത്തന്നെ ആദ്യമായിരിക്കും. മന്ത്രിസഭയ്ക്ക് കൂട്ടുത്തരവാദിത്വം നഷ്ടപ്പെട്ടിരിക്കുന്നു എന്ന് ഹൈക്കോടതിക്ക് പറയേണ്ടി വന്നു. മന്ത്രിസഭായോഗം 4 മന്ത്രിമാർ ബഹിഷ്കരിച്ചു. ഇത് ബഹിഷ്കരണമല്ല വിട്ടുനിൽക്കലാണ് എന്നാണ് സിപിഐ പറഞ്ഞത്. രണ്ടും തമ്മിലുള്ള വ്യത്യാസം ഇതുവരെ ആർക്കും പിടികിട്ടിയിട്ടില്ല. തോമസ് ചാണ്ടി വിഷയത്തിൽ സർക്കാരിന് ഇരട്ടത്താപ്പെന്ന് കോടതി പറഞ്ഞു. ഇടതുപക്ഷ ഗവണ്മെന്റ് മുതലാളിമാർക്കുവേണ്ടി നിലകൊള്ളുന്നോ എന്ന് കോടതി ചോദിച്ചിട്ടുപോലും യാതൊരു നാണക്കേടും തോന്നിയിട്ടില്ലാത്ത സ്ഥിതിയ്ക്ക് ഇത്തരം ചോദ്യങ്ങൾ കോടതിക്ക് നാണമുണ്ടെങ്കിൽ ഒഴിവാക്കാം.

ഇടതുപക്ഷ ജനാധിപത്യ മുന്നണിയിൽ ഇടതുപക്ഷ സ്വഭാവവും ജനാധിപത്യ രീതിയും മുന്നണി മര്യാദയുമില്ലെന്ന് പലവട്ടം കേരളത്തിലെ ജനങ്ങൾക്ക് ബോദ്ധ്യമായിട്ടുള്ളതാണ്. മുന്നണിയിലെ രണ്ടാമത്തെ കക്ഷിയായ സിപിഐയെ പരസ്യമായി അപമാനിച്ചും തീരുമാനമെടുക്കുന്നതിൽ അവഗണിച്ചുമാണ് സിപിഐ(എം) ഇക്കാലമത്രയും മുന്നോട്ടുപോയിട്ടുള്ളത്. കോഴ രാജാവ് കെ.എം മാണിയെയും ഇതിനകം തന്നെ നിരവധി പാർട്ടികളിലും മുന്നണികളിലും മാറിമാറി പ്രവർത്തിച്ച് തഴക്കമുള്ള വീരേന്ദ്രകുമാറിനെയും എൽഡിഎഫിൽ എടുത്ത് സിപിഐയെ ഒതുക്കാനുള്ള നീക്കങ്ങളും തകൃതിയായി നടക്കുന്നുണ്ട്. സിപിഐ ദേശീയനേതൃത്വത്തിന് പൊടുന്നനെ ബിജെപിക്കെതിരെ കോൺഗ്രസ് കൂടി ഉൾപ്പെടുന്ന മുന്നണി വേണം എന്ന തോന്നലുണ്ടായതും വെറുതെയല്ല. തോമസ് ചാണ്ടിക്കുവേണ്ടി കേസ് വാദിക്കാൻ കോൺഗ്രസ്സ് എംപി തന്നെ കോട്ടിട്ടുവന്നതും ബിജെപി വിരുദ്ധ വിശാല മുന്നണിയുടെ താല്പര്യം ഉയർത്തിപ്പിടിച്ചുകൊണ്ടാണെന്ന് സമാധാനിക്കാം.

തോമസ് ചാണ്ടിയെ ഒഴിവാക്കുന്നതുകൊണ്ടുമാത്രം പാപഭാരം ഒഴിയുന്നില്ല. കയ്യേറ്റക്കാരുടെ മുന്നണിയാണ് എൽഡിഎഫ് എന്നതാണ് യഥാർത്ഥ സ്ഥിതി. ഉദ്യോഗസ്ഥ അഴിമതിയെക്കാൾ വലിയ രാഷ്ട്രീയ അഴിമതിയാണ് നടമാടുന്നതെന്നും കയ്യേറ്റമൊഴിപ്പിക്കൽ അസാദ്ധ്യമാക്കുന്ന രാഷ്ട്രീയ സാഹചര്യമാണ് നിലവിലുള്ളതെന്നും സിപിഐ അനുകൂല റവന്യൂ സ്റ്റാഫ് അസോസിയേഷൻ സംസ്ഥാന സമ്മേളനം തുറന്നടിച്ചത് ഓർക്കുമല്ലോ. പാറമടകൾ കൊലക്കളങ്ങൾ ആകുമ്പോഴാണ് അവയൊക്കെ എൽഡിഎഫ് ഭരണത്തിന്റെ തണലിൽ ലൈസൻസില്ലാതെ സുഗമമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു എന്ന് ജനങ്ങളറിയുന്നത്. തോമസ് ചാണ്ടി കായലാണ് കയ്യേറിയതെങ്കിൽ ഇടതുമുന്നണി വിജയിപ്പിച്ച ഇടുക്കി എംപി ജോയ്സ് ജോർജ്ജും കുടുംബവും സർക്കാർ തരിശുഭൂമിയാണ് കയ്യേറിയത്. ദോഷം പറയരുതല്ലോ സെന്റൊന്നിന് നാലുരൂപയോളം വില കൊടുത്താണ് 200 ഏക്കറോളം ഇവർ തരപ്പെടുത്തിയിരിക്കുന്നത്. ഇടുക്കി ജില്ലയിലെ കയ്യേറ്റമൊഴിപ്പിക്കാൻ ശ്രമിക്കുന്ന സർക്കാരുദ്യോഗസ്ഥരെ സർക്കാരിനെ നയിക്കുന്ന പാർട്ടിയുടെ ഗുണ്ടകളാണ് ആട്ടിപ്പായിക്കുന്നത്. ഇവിടെ കയ്യേറ്റക്കാരുടെ ലിസ്റ്റിൽ സിപിഎം ജില്ലാക്കമ്മിറ്റി അംഗം വരെയുള്ളപ്പോൾ പിന്നെന്താണ് ചെയ്യാൻ കഴിയുക. പെരുമ്പാവൂരിലെ സിപിഎം കൗൺസിലർ, മറയൂരിലെ മുൻ സിപിഎം ഏരിയാ സെക്രട്ടറി തുടങ്ങി നിരവധി വ്യക്തിത്വങ്ങളുടെ സാന്നിദ്ധ്യംകൊണ്ട് സമ്പന്നമാണ് കയ്യേറ്റക്കാരുടെ ലിസ്റ്റ്.

കയ്യേറ്റം ഒരു ജില്ലയിലൊതുങ്ങുന്നില്ല എന്നത് സിപിഐ(എം)ന്റെ വിശാല വീക്ഷണത്തിന് ഉദാഹരണമാണ്. നിലവിലുള്ള എല്ലാ നിയമങ്ങളും ലംഘിച്ചാണ് സിപിഐ(എം) എംഎൽഎ പി.വി.അൻവർ വാട്ടർ തീം പാർക്ക് നടത്തുന്നത്. പരിസ്ഥിതി നിയമങ്ങൾ കാറ്റിൽ പറത്തിയതുകൊണ്ടാകാം ഇദ്ദേഹം നിയമസഭയുടെ പരിസ്ഥിതി സമിതിയിലും അംഗമാണ്. ആ നിലയ്ക്ക് നോക്കുമ്പോൾ മാവേലിക്കര സഹകരണ ബാങ്ക് ക്രമക്കേടിൽ മുഖ്യ പ്രതിയെ അറസ്റ്റുചെയ്ത ഉടനെ അന്വേഷണ ഉദ്യോഗസ്ഥനെ സ്ഥലം മാറ്റിയതിൽ തെറ്റുപറയാനാവില്ല.

കാലാവധിയെത്തുന്നതിനുമുമ്പേ ദേവസ്വം ബോർഡ് പിരിച്ചുവിട്ട് പാർട്ടി നേതാവിനെ പ്രസിഡന്റാക്കിയതുമാത്രമാണ് കാര്യക്ഷമമായ ഒരു നടപടി എന്നനിലയിൽ ചൂണ്ടിക്കാട്ടാവുന്നത്. സിപിഎം-ബിജെപി കയ്യാങ്കളിയുടെ കാര്യത്തിലും മച്ചപ്പെട്ട പ്രകടനം കാഴ്ച വയ്ക്കാനായിട്ടുണ്ട്. തിരുവനന്തപുരം കോർപ്പറേഷൻ യോഗത്തിൽ കണ്ടത് അണികൾക്കുപകരം നേതാക്കന്മാർതന്നെ പോർക്കളത്തിലിറങ്ങുന്നതാണ്. പതിവിൽനിന്ന് വ്യത്യസ്തമായതുകൊണ്ട് ഇത് കൗതുകമുണർത്തുകയും ചെയ്തു. എന്നാൽ മുതിർന്ന നേതാക്കൾ അസംബ്ലിയിൽ കാഴ്ചവച്ച പ്രകടനത്തോളം വന്നില്ലെന്നുമാത്രം. സംഘർഷങ്ങളും കൊലപാതകങ്ങളും ധാരാളം കണ്ടിട്ടുണ്ടെങ്കിലും കൊന്നയാളുടെ പാർട്ടി ബന്ധത്തെച്ചൊല്ലി കടിപിടി കൂടുന്നത് സിനിമയിൽ മാത്രമേ കണ്ടിട്ടുള്ളൂ. കയ്പമംഗലത്ത് അതും കാണേണ്ടി വന്നു. കേരളത്തിൽ നടക്കുന്ന എല്ലാ രാഷ്ട്രീയ സംഘർഷങ്ങളിലും ആക്രമണങ്ങളിലും കൊലപാതകങ്ങളിലും ഒരറ്റത്ത് സിപിഐ(എം) ആയിരിക്കുമല്ലോ. ഇത് വിരസതയുണ്ടാക്കുമോ എന്ന് ആശങ്കയുള്ളതുകൊണ്ട് ഇക്കുറി അല്പം നർമ്മം കലർത്തിയതാകാം. മരണവീട്ടിൽനിന്ന് ഇരുകൂട്ടരും പുറത്താക്കപ്പെട്ടെങ്കിലും ഹർത്താലടക്കമുള്ള അനുബന്ധ ആഘോഷങ്ങൾക്കും കുറവൊന്നുമുണ്ടായില്ല. മനുഷ്യ മനസ്സാക്ഷിയെ എത്രകാലം ഇവരിങ്ങനെ കൊഞ്ഞനംകുത്തും എന്ന ചോദ്യം മാത്രം അവശേഷിക്കുന്നു.

ഭരണം ജനഹിതത്തിനെതിരാകുന്നതനുസരിച്ച് മാദ്ധ്യമങ്ങളോടുള്ള സമീപനവും ശത്രുതാപരമാകുന്നുണ്ട്. സെക്രട്ടേറിയറ്റിൽ മാദ്ധ്യമങ്ങൾക്ക് വിലക്കേർപ്പെടുത്താൻ തുനിഞ്ഞത് യാദൃശ്ചികമല്ല. 'ഗെയ്ൽ' സമരത്തോടും 'ഐഒസി' സമരത്തോടുമൊക്കെ സ്വീകരിച്ച നിലപാടിലും അസഹിഷ്ണുത പ്രകടമാണ്. കോട്ടയം ഭാരത് ഹോസ്പിറ്റലിലെ നഴ്സുമാരുടെ സമരം പൊളിക്കാൻ നടത്തിയ ശ്രമങ്ങളും ചില്ലറയല്ല.

യുഡിഎഫ് ഭരണത്തിലെ അഴിമതിയും അധാർമികതയും മനംപിരട്ടലുണ്ടാക്കിയപ്പോഴാണ് എൽഡിഎഫിന് തെരഞ്ഞെടുപ്പ് വിജയം സമ്മാനിക്കാൻ ജനങ്ങൾ തയ്യാറായത്. മുൻകാല എൽഡിഎഫ് ഭരണങ്ങളൊന്നും ഒരു പ്രതീക്ഷയ്ക്കും വക നൽകുന്നതായിരുന്നില്ല. നയങ്ങളുടെ കാര്യത്തിൽ ഇരുകൂട്ടരും ഒരേ നിലപാടുകാരാണ് എന്ന വസ്തുതയും ജനങ്ങൾ തിരിച്ചറിയുന്നുണ്ട്. എങ്കിലും ഇടതുപക്ഷമെന്ന പേരിന് നിരക്കുന്ന എന്തെങ്കിലുമൊക്കെ ജനങ്ങൾ പ്രതീക്ഷിച്ചിരുന്നു. ആ പ്രതീക്ഷകളാണ് ചുരുങ്ങിയ കാലം കൊണ്ട് പിണറായി ഭരണം തകർത്തുകളഞ്ഞത്. മദ്യ-ക്വാറി മാഫിയകളുടെയും വിദ്യാഭ്യാസ കച്ചവടക്കാരുടെയും ഭൂമി കയ്യേറ്റക്കാരുടെയുമൊക്കെ താല്പര്യങ്ങൾക്കനുസരിച്ചുള്ള ഭരണം ജനങ്ങളിൽ കടുത്ത നിരാശയാണ് ഉളവാക്കിയിരിക്കുന്നത്.

ബിജെപി-സംഘപരിവാർ ശക്തികൾ രാജ്യത്തെ അന്ധകാരത്തിലേയ്ക്ക് നയിക്കുമ്പോൾ ഇടതുപക്ഷ-ജനാധിപത്യ-മതേതര ശക്തികളെയാണ് ജനങ്ങൾ പ്രതീക്ഷയോടെ കാണുന്നത്. ഇടതുപക്ഷത്തിന്റെ പേരിൽ സിപിഐ(എം)ഉം ഇടതുമുന്നണിയും കാഴ്ചവയ്ക്കുന്നത് നയങ്ങളിലും നിലപാടുകളിലും വലതുപക്ഷ ഭരണംതന്നെയാണ്. സംസ്ഥാനത്ത് സംഘപരിവാർ ശക്തികളുടെ വളർച്ചയ്ക്കുകൂടി ഇത് വഴിവയ്ക്കുന്നു. മഹനീയമായ കമ്മ്യൂണിസ്റ്റ് ദർശനത്തിലേയ്ക്ക് യുവതലമുറ ആകൃഷ്ടരാകുന്നതിന് ഇത് പ്രതിബന്ധമാകുന്നു. ബംഗാളിലടക്കം ഇന്ത്യയിലെവിടെയും ശക്തി ക്ഷയിക്കാനല്ലാതെ ഒരു നേട്ടവുമുണ്ടാക്കാൻ സിപിഎം, സിപിഐ പോലുള്ള പാർട്ടികളുടെ ഇടതുപക്ഷേതരമായ പ്രയാണം സഹായകമായിട്ടില്ല എന്ന യാഥാർത്ഥ്യം തിരിച്ചറിയാനെങ്കിലും കഴിയേണ്ടതുണ്ട്.

**ചാനലിനെ പ്രതിസ്ഥാനത്ത് നിർത്തുന്നതോടൊപ്പം മന്ത്രി ധാർമികത പാലിച്ചില്ലെന്നുകൂടി കുറ്റപ്പെടുത്തുന്ന ജെയിംസ് കമ്മീഷൻ റിപ്പോർട്ട് മന്ത്രിയെ കുറ്റവിമുക്തനാക്കി എന്ന വിചിത്ര വാദമുന്നയിച്ച് ശശീന്ദ്രനെ തിരികെ കൊണ്ടുവരാനുള്ള ശ്രമത്തിലാണിപ്പോൾ.**

പാർലമെന്ററി നേട്ടങ്ങൾക്കുവേണ്ടി വലതുപക്ഷ രാഷ്ട്രീയത്തെ ശക്തിപ്പെടുത്തുന്ന നിലപാടുകൾ ഇനിയെങ്കിലും ഉപേക്ഷിക്കണം. അന്ധവിശ്വാസങ്ങളിലേയ്ക്കും അനാചാരങ്ങളിലേയ്ക്കുംവരെ സമൂഹത്തെ നയിക്കുന്ന നിലപാടുകൾ താത്ക്കാലികമായി വോട്ടിന്റെ എണ്ണത്തിൽ വർദ്ധനവുണ്ടാക്കിയേക്കാമെങ്കിലും ദൂരവ്യാപകമായ ഭവിഷ്യത്താണ് അത് സമൂഹത്തിലുണ്ടാക്കുക. ഇന്ത്യൻ മണ്ണിൽ മാർക്സിസത്തിന് വേരോട്ടമുണ്ടാക്കാൻവേണ്ടി എണ്ണമറ്റ ത്യാഗങ്ങൾ സഹിച്ച വിപ്ലവകാരികളെയും രക്തസാക്ഷികളെയും മറന്നുകളയരുത്. റഷ്യൻ വിപ്ലവത്തിന്റെ ശതാബ്ദി ആചരണം വിപ്ലവത്തിനായി സമർപ്പിതമായ പോരാട്ടം നടത്താൻ ലോകമെമ്പാടുമുള്ള കമ്മ്യൂണിസ്റ്റുകൾക്ക് വർദ്ധിത വീര്യം നൽകിയ സന്ദർഭമാണിത്. ജീവിത ദുരിതങ്ങളും പ്രതിസന്ധികളും നാൾക്കുനാൾ പെരുകുമ്പോൾ ജനങ്ങൾക്കുമുന്നിൽ ചെപ്പടിവിദ്യകൾ പയറ്റാതെ കഠിനതരമെങ്കിലും അനിവാര്യമായ വിപ്ലവപാതയെ മുറുകെപ്പിടിക്കുക മാത്രമാണ് പോംവഴി എന്ന് മറക്കാതിരിക്കുക ●

## കോട്ടയം ഭാരത് ആശുപത്രി സമരം

# നഴ്സുമാരുടെ ആത്മവിശ്വാസം ഉയർത്തുന്ന വിജയം

**111 ദിവസം നീണ്ടുനിന്ന കോട്ടയം ഭാരത് ആശുപത്രിയിലെ നഴ്സുമാരുടെ പ്രക്ഷോഭം ഡിമാന്റുകൾ നേടിയെടുത്തുകൊണ്ട് വിജയകരമായി അവസാനിച്ചത് തൊഴിലാളികളുടെ വിശിഷ്യാ നഴ്സുമാരുടെ ആത്മവിശ്വാസം ഉയർത്തിയിരിക്കുന്നു. നവംബർ 24ന് ലേബർ കമ്മിഷണർ വിളിച്ചുചേർത്ത ചർച്ചയിലാണ് ഭാരത് ഹോസ്പിറ്റൽ മാനേജ്മെന്റ്, യുണൈറ്റഡ് നഴ്സസ് അസ്സോസിയേഷൻ മുന്നോട്ടുവച്ച ഡിമാന്റുകൾ അംഗീകരിക്കുവാൻ നിർബന്ധിതമായത്.**



യുഎൻഎ ദേശീയ പ്രസിഡന്റ് ജാസ്മിൻ ഷാ പ്രിയ പ്രകാശിന് നാരങ്ങാ നീര് നൽകി നിരാഹാര സമരം അവസാനിപ്പിക്കുന്നു

അന്യായമായി പിരിച്ചുവിടപ്പെട്ട 58 നഴ്സുമാർ ആഗസ്റ്റ് 7നാണ് ആശുപത്രിയുടെ മുൻപിൽ സമരം ആരംഭിച്ചത്. സംസ്ഥാനവ്യാപകമായി യുഎൻഎ നടത്തിയ പ്രക്ഷോഭത്തിന്റെ ഭാഗമാവുകയും ഭാരത് ആശുപത്രിയിൽ യുഎൻഎ യൂണിറ്റ് രൂപീകരിക്കുകയും ചെയ്തതിനെ തുടർന്നാണ് 27 നഴ്സുമാരെ പിരിച്ചുവിടുന്നത്. പിരിച്ചുവിട്ട നഴ്സുമാരെ തിരിച്ചെടുക്കുക, അന്യായമായ കോൺട്രാക്ട് ലേബർ അവസാനിപ്പിക്കുക, അശാസ്ത്രീയമായ ഷിഫ്റ്റ് സമ്പ്രദായം നിർത്തലാക്കുക, ലീവുകൾ അനുവദിക്കുക തുടങ്ങിയ ഡിമാന്റുകൾ മുന്നോട്ടുവച്ചുകൊണ്ടാണ് നഴ്സുമാർ സമരരംഗത്ത് അണിനിരന്നത്. പതിറ്റാണ്ടുകളായി നഴ്സുമാരെ ചൂഷണം ചെയ്തുവന്നിരുന്ന ഭാരത് ആശുപത്രി മാനേജ്മെന്റും ആശുപത്രി മുതലാളിമാരുടെ സംഘടനയായ പ്രൈവറ്റ് ഹോസ്പിറ്റൽ മാനേജ്മെന്റ് അസ്സോസിയേഷനും സമരം പരാജയപ്പെടുത്തുവാൻ എല്ലാ മാർഗ്ഗങ്ങളും അവലംബിച്ചു. സംസ്ഥാന സർക്കാരും ജില്ലാ ഭരണകൂടവും സമരത്തിന് അനുകൂലമായ ഒരു സമീപനവും സ്വീകരിച്ചില്ല. മുഖ്യമന്ത്രി, തൊഴിൽ മന്ത്രി, ആരോഗ്യ മന്ത്രി, ജില്ലാ കളക്ടർ, എംപി, എംഎൽഎ തുടങ്ങിയവർ മുമ്പാകെ നഴ്സുമാർ സഹായം അഭ്യർത്ഥിച്ചെങ്കിലും ഏവരും ഭാരത് മാനേജ്മെന്റിന് അനുകൂലമായ സമീപനമാണ് സ്വീകരിച്ചത്. കോട്ടയം എംഎൽഎ തിരുവഞ്ചൂർ രാധാകൃഷ്ണൻ സമരം 90 ദിവസം പിന്നിട്ടു കഴിഞ്ഞപ്പോഴാണ് സമരപ്പന്തൽ സന്ദർശിക്കാൻ പോലും തയ്യാറായത്. തൊഴിൽ വകുപ്പ് മന്ത്രിയ്ക്ക് ഒരു കത്തു കൊടുക്കാം എന്ന വാഗ്ദാനം നൽകിയതല്ലാതെ അദ്ദേഹം സമരത്തിന് അനുകൂലമായി ഒന്നും ചെയ്തില്ല. തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കേണ്ട ജില്ലാ ലേബർ ഓഫീസിൽനിന്നും നഴ്സുമാർക്ക് അനുകൂലമായ സമീപനമല്ല ഉണ്ടായത്. അസിസ്റ്റന്റ് ലേബർ ഓഫീസർ ഭാരത് ആശുപത്രിയിൽ 34 തൊഴിൽ നിയമ ലംഘനങ്ങൾ കണ്ടെത്തിയെങ്കിലും ഇതുവരെയും ആശുപത്രിയ്ക്കെതിരായ ഒരു നടപടിയും എടുത്തിട്ടില്ല. സി.പി.ഐ(എം), കോൺഗ്രസ്, ബിജെപി തുടങ്ങിയ പാർട്ടികൾ കക്ഷിഭേദമന്യേ ഭാരത് ആശുപത്രി മുതലാളിക്കുവേണ്ടി നിലകൊണ്ടിട്ടും, സർക്കാർ സമരത്തോട് നിഷേധാത്മക നിലപാട് സ്വീകരിച്ചിട്ടും നഴ്സുമാരുടെ പോരാട്ടം വിജയിച്ചു എന്നത് തൊഴിലെടുക്കുന്നവരുടെയാകെ ആത്മവിശ്വാസം ഉയർത്തുന്ന കാര്യമാണ്.

ഭാരത് ആശുപത്രിയുടെ മുന്നിലെ ചെറിയ റോഡിൽ നഴ്സുമാർ ഒന്നരമാസത്തോളം സമരം നടത്തിയപ്പോൾ തികച്ചും ക്രൂരമായ സമീപനമാണ് മാനേജ്മെന്റ് സമരക്കാരോട് സ്വീകരിച്ചത്. ആശുപത്രിയുടെ സമീപത്തുള്ള സ്ഥാപനങ്ങളിൽ നിന്ന് വെള്ളം കൊടുക്കുന്നത് വിലക്കിയും ടോയിലറ്റ് സൗകര്യം പോലും ഇല്ലാതാക്കിയും മാനേജ്മെന്റ് സമരക്കാരെ ദ്രോഹിക്കുമ്പോഴും ഭരണാധികാരികളും മനുഷ്യാവകാശ കമ്മീഷനുമൊക്കെ കാഴ്ചക്കാരായി നിൽക്കുകയായിരുന്നു. കടുത്ത യാതനകളെ അതിജീവിച്ചും ജോലിചെയ്ത് അന്തസ്സായി ജീവിക്കുന്നതിനുവേണ്ടിയുള്ള പോരാട്ടം നഴ്സുമാർ തുടർന്നു. സമരം ഒത്തുതീർപ്പാക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് യുഎൻഎയുടെ നേതൃത്വത്തിൽ ആയിരക്കണക്കിന് നഴ്സുമാർ ആശുപത്രിയിലേയ്ക്ക് മാർച്ചുചെയ്തു. മാർച്ച് ആശുപത്രിയിലേയ്ക്ക് എത്തുംമുമ്പ് പോലീസ് ബാരിക്കേഡുകൾ തീർത്ത് നഴ്സുമാരെ തടഞ്ഞു. ആശുപത്രിയുടെ മുന്നിൽ സമരം നടത്തിവന്ന നഴ്സുമാരെ മൃഗീയമായ ലാത്തി ചാർജ്ജിലൂടെ അറസ്റ്റു ചെയ്തു. ആശുപത്രിയുടെ 100 മീറ്റർ പരിധിയിൽ നഴ്സുമാരുടെ സമരം തടഞ്ഞുകൊണ്ടുള്ള ഹൈക്കോടതി ഉത്തരവ് ഇതിനകം മാനേജ്മെന്റ് സമ്പാദിച്ചു. എന്നാൽ, നഴ്സുമാർ സമരകേന്ദ്രം കോട്ടയം പഴയ പോലീസ് സ്റ്റേഷൻ മൈതാനത്തിന് സമീപത്തേയ്ക്ക് മാറ്റിക്കൊണ്ട് പോരാട്ടം ശക്തിപ്പെടുത്തി.

ജില്ലാ ലേബർ ഓഫീസറും സംസ്ഥാന ലേബർ കമ്മീഷണറും വിളിച്ച ചർച്ചകളിൽ പങ്കെടുക്കുവാൻ പോലും മാനേജ്മെന്റ് തയ്യാറായില്ല. ആശുപത്രി അടച്ചുപൂട്ടിയാൽ പോലും ആരെയും സർവ്വീസിൽ തുടരുവാൻ അനുവദിക്കില്ല എന്ന നിലപാട് മാനേജ്മെന്റ് ആവർത്തിച്ചുകൊണ്ടിരുന്നു. മാനേജ്മെന്റിന്റെ സംരക്ഷകരായി രാഷ്ട്രീയ ഭേദമെന്യേ ഇടത്-വലത്-ബിജെപി മുന്നണികൾ നിലകൊണ്ടു എന്നതായിരുന്നു പിടിവാശിയുടെ ആധാരം.

ഒക്ടോബർ 17ന് നഴ്സുമാർ മരണം വരെ നിരാഹാരം ആരംഭിച്ചു. ഓരോദിവസം പിന്നിടുന്തോറും സമരത്തിന് ജനപിന്തുണ ഏറിവന്നു. കുരീപ്പുഴ ശ്രീകുമാർ, ഡോ.ഗീവർഗ്ഗീസ് മാർ കൂറിലോസ്, കെ.കെ.രമ, ഡോ.എം.വി.ബിജുലാൽ, സി.ആർ.നീലകണ്ഠൻ, ജോഷി മാത്യു, റിമ കല്ലിങ്കൽ, സന്തോഷ് പണ്ഡിറ്റ് തുടങ്ങിയ പ്രമുഖരും പന്തലിൽ എത്തി നഴ്സുമാർക്ക് പിന്തുണ നൽകി. നിരാഹാരം കിടക്കുന്ന നഴ്സുമാരെ പോലീസ് അറസ്റ്റ് ചെയ്യുമ്പോൾ നൂറുകണക്കിനാളുകൾ മുദ്രാവാക്യം വിളികളോടെ അറസ്റ്റിനെ ചെറുത്തു. "ഭാരത് ഹോസ്പിറ്റലിനെ വളർത്തി വലുതാക്കിയ നഴ്സുമാരെ കണ്ണീരുകുടിപ്പിക്കുന്ന ആശുപത്രി ബഹിഷ്ക്കരിക്കുക" എന്ന നമ്മുടെ പാർട്ടിയുടെ ആഹ്വാനം കോട്ടയം നിവാസികൾ ഗൗരവത്തോടെ ഏറ്റെടുക്കുന്നതാണ് പിന്നീടുള്ള ദിവസങ്ങളിൽ കണ്ടത്.



കോട്ടയം പ്രസ്‌ക്ലബ്ബിൽ സമരസഹായ സമിതി ചെയർമാൻ ഇ.വി.പ്രകാശ് സമരവിജയം പ്രഖ്യാപിക്കുന്നു. യുഎൻഎ സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം വിനു തോമസ്, ഭാരത് ഹോസ്പിറ്റൽ യൂണിറ്റ് സെക്രട്ടറി ശ്രുതി എസ്.കുമാർ, ജിൻസി അജു എന്നിവർ സമീപം

സമരത്തിന്റെ നൂറാം ദിവസം ബിജിത ചന്ദ്രൻ എന്ന നഴ്സ് ആത്മഹത്യയ്ക്ക് ശ്രമിച്ചത് ആശുപത്രിയോടുള്ള ജനങ്ങളുടെ പ്രതിഷേധത്തെ ആളിക്കത്തിച്ചു. സമര സഹായ സമിതിയുടെ നേതൃത്വത്തിൽ ആശുപത്രിയിലേയ്ക്ക് നൂറുകണക്കിന് ബഹുജനങ്ങൾ മാർച്ച് നടത്തി. സമര സഹായ സമിതി ചെയർമാനും എസ്‌യുസിഐ(സി) ജില്ലാ കമ്മിറ്റി അംഗവുമായ സഖാവ് ഇ.വി.പ്രകാശ് പ്രസംഗിച്ചുകൊണ്ടിരിക്കവെ വെസ്റ്റ് സിഐയുടെ നേതൃത്വത്തിൽ സ്ഥലത്തെത്തിയ പൊലീസ് സംഘം അക്രമം നടത്തുകയും ഹാൻഡ് മൈക്കും ബോക്സും ബലമായി പിടിച്ചെടുക്കുകയും സമരസഹായ സമിതി കൺവീനർ മഹേഷ് വിജയനെ പിടിച്ചുകൊണ്ടുപോവുകയും ചെയ്തു. സമരം ഓരോദിവസം പിന്നിടുന്തോറും വിവിധ പാർട്ടികളിൽപെട്ട സാധാരണക്കാരായ ജനങ്ങൾ സമരപന്തലിൽ എത്തിക്കൊണ്ടിരുന്നു. കോട്ടയം നഗരത്തെ പ്രക്ഷുബ്ധമാക്കിക്കൊണ്ടാണ് ഓരോ സമരദിവസവും കടന്നുപോയത്.

നവംബർ 24ന് സംസ്ഥാന ലേബർ കമ്മീഷണർ വിളിച്ചുചേർത്ത ചർച്ചയിൽ ഗത്യന്തരമില്ലാതെ മാനേജ്മെന്റിന് പങ്കെടുക്കേണ്ടിവന്നു. യുഎൻഎ ദേശീയ പ്രസിഡന്റ് ജാസ്മിൻ ഷാ, സംസ്ഥാന സെക്രട്ടറി സുജനപാൽ അച്യുതൻ, ഭാരത് ഹോസ്പിറ്റൽ യൂണിറ്റ് പ്രസിഡന്റ് അശ്വതി ചന്ദ്രൻ, സെക്രട്ടറി ശ്രുതി എസ്.കുമാർ, ട്രഷറർ ബിൻസി ബേബി എന്നിവരാണ് യുഎൻഎയെ പ്രതിനിധാനം ചെയത് ചർച്ചയിൽ പങ്കെടുത്തത്. നഴ്സുമാർ മുന്നോട്ടുവച്ച ഡിമാന്റുകൾ എല്ലാം അംഗീകരിച്ചുകൊണ്ടാണ് ഒത്തുതീർപ്പ് വ്യവസ്ഥകൾ ഉണ്ടായിട്ടുള്ളത്.

**ഒത്തുതീർപ്പ് വ്യവസ്ഥകൾ**

1.കോട്ടയം ഭാരത് ഹോസ്പിറ്റലിലെ തൊഴിൽ തർക്കവുമായി ബന്ധപ്പെട്ട് സമരത്തിലുള്ള മുഴുവൻ നഴ്സിംഗ് ജീവനക്കാരും 2017 ഡിസംബർ 31 വരെ സർവ്വീസിൽ തുടരുന്നതും അന്നേദിവസം സ്വമേധയാ പിരിഞ്ഞു പോകുന്നതുമാണ്.

യുഎൻഎ യൂണിറ്റ് രൂപീകരിക്കുകയും സംസ്ഥാന വ്യാപകമായി നഴ്സുമാർ നടത്തിയ സമരത്തിൽ പങ്കെടുക്കുകയും ചെയ്തു എന്നതിന്റെ പേരിലുള്ള പ്രതികാര നടപടി എന്ന നിലയിലാണ് മാനേജ്മെന്റ് നഴ്സുമാരെ പിരിച്ചുവിട്ടത്. ആദ്യം 5 പേരെയും, അവരെ തിരിച്ചെടുക്കണം എന്നാവശ്യപ്പെട്ട് സമരംചെയ്തപ്പോൾ പിന്നീട് 27 പേരെയും പിരിച്ചുവിട്ടു. നഴ്സുമാരുടെ കരാർ കാലാവധി അവസാനിച്ചുവെന്നും ആരെയും പിരിച്ചുവിട്ടിട്ടില്ല എന്നുമുള്ള നുണപ്രചാരണമാണ് മാനേജ്മെന്റ് തുടക്കംമുതൽ നടത്തിവന്നത്. കരാർ അവസാനിക്കുന്ന ഡിസംബർ 31 വരെ സർവ്വീസിൽ തുടരുന്നതാണ് എന്ന വ്യവസ്ഥ അംഗീകരിച്ചതിലൂടെ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ കരാർ അവസാനിച്ചുവെന്ന് മാനേജ്മെന്റ് പറഞ്ഞത് കളവായിരുന്നുവെന്ന് അംഗീകരിക്കുകയാണ് ചെയ്തത്. ആശുപത്രി ഇടിച്ചു പൊളിച്ച് വാഴ നട്ടാൽപോലും ആരെയും തിരിച്ചെടുക്കില്ല എന്ന ഭാരത് മാനേജ്മെന്റിന്റെ ധാർഷ്ട്യമാണ് തൊഴിലാളികളുടെ സംഘടിത ശക്തിക്കുമുന്നിൽ തകർന്നുവീണത്. തൊഴിലാളികളുടെ ആത്മാഭിമാനത്തെയും അവകാശബോധത്തെയും മാനേജ്മെന്റിന് അംഗീകരിക്കേണ്ടിവന്നു.

2. വ്യവസ്ഥ ഒന്ന് പ്രകാരം പിരിയുന്ന ജീവനക്കാർക്ക് നിലവിലുള്ള മിനിമം വേതനപ്രകാരമുള്ള 3 മാസത്തെ ശമ്പളം നഷ്ടപരിഹാരമായി നൽകുവാൻ മാനേജ്മെന്റ് സമ്മതിച്ചു.

നഴ്സുമാരുടെ സമരംതന്നെ തികച്ചും അന്യായമാണെന്ന് പറയുകയും കോടിക്കണക്കിന് രൂപ മുടക്കി സമരം പൊളിക്കാൻ ശ്രമിക്കുകയും ചെയ്തവരാണ് ഭാരത് ഹോസ്പിറ്റൽ മാനേജ്മെന്റും കേരള പ്രൈവറ്റ് ഹോസ്പിറ്റൽ മാനേജ്മെന്റ് അസോസിയേഷനും. സമരം ചെയ്ത രണ്ട് മാസത്തെയും ഡിസംബർ മാസത്തെയും ശമ്പളം നഷ്ടപരിഹാരമായി നൽകുവാൻ സമ്മതിച്ചതിലൂടെ സമരത്തെയും സമരസംഘടനയെയും മാനേജ്മെന്റിന് അംഗീകരിക്കേണ്ടി വന്നിരിക്കുന്നു. 6,500 മുതൽ 13,000 രൂപ വരെ ശമ്പളം മേടിക്കുന്നവരാണ് സമരംചെയ്ത നഴ്സുമാർ. എന്നാൽ, നഷ്ടപരിഹാരമായി നൽകേണ്ടത് കേരളത്തിലെ തൊഴിൽവകുപ്പ് അംഗീകരിച്ചിട്ടുള്ള മിനിമം വേതനമായ 13,500 രൂപയാണ്. മിനിമം വേതനത്തെ മാനേജ്മെന്റിന് ആദ്യമായി അംഗീകരിക്കേണ്ടി വന്നിരിക്കുന്നു എന്നത് നഴ്സിംഗ് സമൂഹത്തിനൊന്നാകെ ഗുണകരമാകും.

3. പിരിയുന്ന ജീവനക്കാർക്ക് 2017 ഡിസംബർ 31 വരെയുള്ള തൊഴിൽ പരിചയ സർട്ടിഫിക്കറ്റ് മാനേജ്മെന്റ് നൽകുന്നതാണ്.

4. ഭാരത് ഹോസ്പിറ്റലിലെ തൊഴിൽ തർക്കവുമായി ബന്ധപ്പെട്ട് ഇരുകക്ഷികളും നൽകിയിട്ടുള്ള സിവിൽ/ക്രിമിനൽ കേസുകൾ പിൻവലിക്കുന്നതാണ്.

**ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ ബാലപാഠം മറന്ന സിപിഐ(എം)**

സമരത്തോട് തുടക്കം മുതൽ സിപിഐ(എം) സ്വീകരിച്ച നിലപാടുകൾ ആരിലും സംശയം ഉളവാക്കുന്നതായിരുന്നു. സമരത്തിന്റെ തുടക്കസമയത്ത് പിന്തുണ അഭ്യർത്ഥിച്ചുചെന്ന നഴ്സുമാരെ അപമാനിക്കുംവിധമാണ് ജില്ലാ സെക്രട്ടറി വി.എൻ.വാസവൻ പെരുമാറിയത്. യുഎൻഎ എന്ന സ്വതന്ത്ര ട്രേഡ് യൂണിയനിൽ സംഘടിച്ച് സമരം ചെയ്യുന്ന നഴ്സുമാർ അതുപേക്ഷിച്ച് സിഐടിയുവിൽ ചേരണം എന്നാണ് വാസവൻ ആവശ്യപ്പെട്ടത്. സിഐടിയു ജില്ലാ സെക്രട്ടറി ടി.ആർ.രഘുനാഥനും സമാനമായ പ്രതികരണമാണ് നടത്തിയത്. തുടക്കംമുതൽ സമരത്തെ തകർക്കുവാനുള്ള അശ്രാന്തപരിശ്രമമാണ് സിപിഐ(എം) നടത്തിയത്. ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ ബാലപാഠംപോലും വിസ്മരിച്ച് മുതലാളി പക്ഷത്തേയ്ക്ക് സിപിഐ(എം) നേതാക്കന്മാർ കൂറുമാറിയിരിക്കുന്നു എന്ന് ഭാരത് ഹോസ്പിറ്റൽ സമരം ഒരിക്കൽകൂടി തെളിയിക്കുന്നു. സിപിഐ(എം) നേതാവും തൊഴിലാളി നേതാവുമായിരുന്ന സഖാവ് എ.കെ.ഗോപാലൻ അദ്ദേഹത്തിന്റെ ആത്മകഥയിൽ ഒരിടത്ത് ഇപ്രകാരം പറയുന്നു "ഞാനൊരു പ്രാസംഗികനല്ല, ഒരു പടയാളി മാത്രം. ഒരു സമരമുണ്ടായാൽ ഞാനും എന്റെ സഖാക്കളും നിങ്ങളുടെ മുന്നിലുണ്ടാവും". തൊഴിലാളികൾ സംഘടിച്ച് തങ്ങളുടെ അവകാശങ്ങൾ ചോദിക്കാൻ തയ്യാറാകുമ്പോൾ കമ്മ്യൂണിസ്റ്റ് എന്നതോ പോകട്ടെ ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ പേരിൽ പ്രവർത്തിക്കുന്ന പ്രസ്ഥാനം എന്താണ് ചെയ്യേണ്ടതെന്ന് എകെജിയുടെ വാക്കുകളിൽ വ്യക്തമാകുന്നുണ്ട്. തൊഴിലാളികളുടെ സമരത്തെ പിന്തുണച്ച് അവരിൽ വർഗ്ഗബോധം വളർത്തിയെടുക്കാനാണ് ഇടതുപക്ഷ പ്രസ്ഥാനങ്ങൾ ശ്രമിക്കേണ്ടത്. സിപിഐ(എം)ന്റെ നേതാക്കൾ വിലക്കിയിട്ടുപോലും ആ പാർട്ടിയുടെ സാധാരണ പ്രവർത്തകർ-തൊഴിലാളികൾ സഹജാവബോധത്തോടെ സമരത്തെ പിന്തുണച്ചുകൊണ്ട് എല്ലാ ദിവസവും സമരപ്പ

(ശേഷം 8-ാം പേജിൽ)

*Date of Posting 9 th & 10 th of every month at RMS, Trivandrum.*
*Date of publishing 01/12/2017*
REGISTERED
R. N. 24773/1992
P.R. No. KL/TV(N)/452/2015-2017

# UNITY
MALAYALAM MONTHLY

Vol 44 No.9
Price : Rs 5.00
December 2017

## ഓഖി: ദുരന്തത്തിന്റെ വ്യാപ്തി വർദ്ധിക്കാൻ കാരണം സർക്കാർ സംവിധാനങ്ങളുടെ ഏകോപനമില്ലായ്മ

സർക്കാർ സംവിധാനങ്ങളെ സമയോചിതം ഏകോപിതമായി പ്രവർത്തനനിരതമാക്കുന്നതിലുണ്ടായ ഗുരുതരമായ വീഴ്ചയാണ് ഓഖി ചുഴലിക്കൊടുങ്കാറ്റ് മൂലമൂണ്ടായ ദുരന്തത്തിന്റെ വ്യാപ്തി ഇത്രയേറെ വർദ്ധിക്കാനിടയാക്കിയതെന്ന് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടറി സഖാവ് സി.കെ.ലൂക്കോസ് പ്രസ്താവിച്ചു.

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പക്കൽ ആധുനികങ്ങളായ ശാസ്ത്ര-സാങ്കേതിക സംവിധാനങ്ങളുണ്ടായിട്ടും, അവ വേണ്ട സമയത്ത് വേണ്ടവിധം പ്രവർത്തനക്ഷമമാക്കാതിരുന്നതുമൂലം വിലപ്പെട്ട നിരവധി ജീവൻ അപഹരിക്കപ്പെടാൻ ഇടവന്നുവെന്നത് അത്യന്തം ദുഃഖകരവും പ്രതിഷേധാർഹവുമാണ്.

കടലിൽനിന്ന് ഇനിയും തിരിച്ചുവന്നിട്ടില്ലാത്തവരെയെല്ലാം കണ്ടെത്താനുള്ള എല്ലാ പരിശ്രമവും നടത്തുകയും മരണമടഞ്ഞവരുടെ കുടുംബങ്ങൾക്കും പരിക്കുപറ്റിയവർക്കും വള്ളവും വലയും നഷ്ടപ്പെട്ടവർക്കും മതിയായ നഷ്ടപരിഹാരം നൽകുകയും ചെയ്യുന്നതിനുപുറമെ, മേലിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കപ്പെടാതിരിക്കാനുള്ള കുറ്റമറ്റ നടപടികളും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം-പ്രസ്താവനയിൽ പറഞ്ഞു●

## സിബിഐ ജഡ്ജി ബ്രിജ്ഗോപാൽ ഹർകിഷൻ ലോയയുടെ മരണം: ജുഡീഷ്യൽ അന്വേഷണം വേണം

സൊറാബുദ്ദീൻ ഏറ്റുമുട്ടൽ കൊലപാതകക്കേസ് കൈകാര്യം ചെയ്ത സിബിഐ ജഡ്ജി ബ്രിജ്ഗോപാൽ ഹർകിഷൻ ലോയയുടെ ദുരൂഹ സാഹചര്യത്തിലുള്ള മരണത്തെ സംബന്ധിച്ച് മാദ്ധ്യമങ്ങളിൽ വന്ന റിപ്പോർട്ടുകൾ പല ചോദ്യങ്ങളും ഉയർത്തുന്നുണ്ട്.

ഏറ്റുമുട്ടൽ നടക്കുന്ന സമയത്ത് ഗുജറാത്തിലെ ആഭ്യന്തരമന്ത്രിയും ലോയയുടെ മരണം നടക്കുമ്പോൾ ബിജെപിയുടെ അഖിലേന്ത്യാ അദ്ധ്യക്ഷനുമായ അമിത് ഷാ ആണ് കേസിലെ ഒരു പ്രതി എന്നതിനാൽ ഈ കേസ് അന്വേഷിക്കുന്നതിനായി സമയബന്ധിതമായ ഒരു ജുഡീഷ്യൽ അന്വേഷണത്തിന് കേന്ദ്രഗവൺമെന്റ് ഉടൻ ഉത്തരവിടണമെന്ന് സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ(കമ്മ്യൂണിസ്റ്റ്) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് നവംബർ 29ന് പുറപ്പെടുവിച്ച പ്രസ്താവനയിൽ ആവശ്യപ്പെട്ടു●

# അവകാശ സമരങ്ങൾക്ക് പ്രചോദനമേകി ഭാരത് ആശുപത്രി സമരം

*(7-ാം പേജിൽ നിന്ന്)*

ന്തലിൽ എത്തിയത് നേതാക്കന്മാരുടെ നിലപാടിനോടുള്ള പ്രതിഷേധം കൂടിയായിരുന്നു.ഇടതുപക്ഷം എന്നവകാശപ്പെടുന്ന ഒരു ഗവൺമെന്റ് കേരളം ഭരിക്കുമ്പോഴാണ് നഴ്സുമാർ കൊടിയ യാതനകൾ അനുഭവിച്ച് 111 ദിവസം സമരം ചെയ്യേണ്ടിവന്നത്. മുഖ്യമന്ത്രി പിണറായി വിജയൻ പലതവണ കോട്ടയത്ത് വന്നെങ്കിലും സമരപ്പന്തലിലെത്തി നഴ്സുമാരുടെ പ്രശ്നങ്ങൾ മനസ്സിലാക്കുവാൻപോലും തയ്യാറായില്ല. സിപിഐ(എം) ഒരു തൊഴിലാളിവർഗ്ഗ പാർട്ടയല്ല എന്നും, കൂലിക്കും മൂലധനത്തിനും ഇടയിൽ നിന്നുകൊണ്ട് തൊഴിലാളികളെ വഞ്ചിക്കുന്ന സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടി ആണെന്നുമുള്ള എസ്‌യുസിഐ(സി)യുടെ വിശകലനം ശരിയാണെന്ന് ഭാരത് സമരം ഒരിക്കൽകൂടി സ്ഥാപിക്കുന്നു.




**നവംബർ 25ന് കോട്ടയം നഗരത്തിൽ നടന്ന വിജയാഹ്ലാദ പ്രകടനം**

തൊഴിലാളിവർഗ്ഗ രാഷ്ട്രീയത്തിന്റെ അന്തഃസത്ത ഉയർത്തിപ്പിടിച്ചുകൊണ്ട് എസ്‌യുസിഐ(സി) സമരത്തോടൊപ്പം നിലകൊണ്ടു. നഴ്സുമാരുടെ സമരത്തിന്റെ ആദ്യ ദിവസങ്ങളിൽത്തന്നെ എഐഡിവൈഒ പ്രവർത്തകർ എല്ലാവിധ പിന്തുണയും നൽകിക്കൊണ്ട് പ്രചാരണം നടത്തുകയും തുടർന്ന് പാർട്ടിയുടെയും മറ്റ് മുന്നണി സംഘടനകളുടെയും ആഭിമുഖ്യത്തിൽ ഐക്യദാർഢ്യ പ്രകടനങ്ങൾ നടത്തുകയും ചെയ്തു. പാർട്ടി ജില്ലാ സെക്രട്ടറി സഖാവ് ജയ്സൺ ജോസഫ്, സംസ്ഥാന കമ്മിറ്റി അംഗങ്ങളായ സഖാക്കൾ മിനി കെ.ഫിലിപ്പ്, എസ്.രാജീവൻ, വി.കെ.സദാനന്ദൻ, ഷൈല കെ.ജോൺ തുടങ്ങിയവർ പല സന്ദർഭങ്ങളിലായി സമരപ്പന്തൽ സന്ദർശിച്ച് പിന്തുണ പ്രഖ്യാപിച്ചു. വിവിധ പാർട്ടികൾ ചേർന്ന് രൂപംകൊടുത്ത സമരസഹായ സമിതിയുടെ ചെയർമാൻ പാർട്ടി ജില്ലാ കമ്മിറ്റി അംഗവും എഐഡിവൈഒ സംസ്ഥാന സെക്രട്ടറിയുമായ സഖാവ് ഇ.വി.പ്രകാശ് ആയിരുന്നു. എഐഡിഎസ്ഒ ജില്ലാ പ്രസിഡന്റ് സഖാവ് എം.കെ.ഷഹസാദ്, എഐഎംഎസ്എസ് ജില്ലാ സെക്രട്ടറി സഖാവ് ആശാരാജ്, എഐയുടിയുസി ജില്ലാ ജോയിന്റ് സെക്രട്ടറി സഖാവ് എ.ജി.അജയകുമാർ, പാർട്ടി ടൗൺ ലോക്കൽ കമ്മിറ്റി അംഗങ്ങളായ സഖാവ് സാലി സെബാസ്റ്റ്യൻ, സി.ആർ.രാജേഷ്, പാമ്പാടി ലോക്കൽ കമ്മിറ്റി അംഗം സഖാവ് റെലേഷ് ചന്ദ്രൻ, കടുത്തുരുത്തി ലോക്കൽ കമ്മിറ്റി അംഗം സഖാവ് ടി.എൻ.ബിജു തുടങ്ങിയവരും സമരത്തോടൊപ്പം രാപ്പകൽ നിലകൊണ്ടു.

യുഎൻഎ നേതൃത്വവും സമരസഹായ സമിതിയും കൃത്യമായ ഇടവേളകളിൽ യോഗങ്ങൾ ചേർന്ന് പരസ്പര ധാരണയോടെ സമരത്തെ നയിച്ചു. ആദ്യഘട്ടത്തിൽ സമരത്തെ പിന്തുണച്ച് രംഗത്തുവന്ന കേരള ജനപക്ഷം സമരത്തിന്റെ നിർണ്ണായക ഘട്ടത്തിൽ സമരസഹായ സമിതിയിൽ നിന്ന് പിൻവാങ്ങുകയും ജനപക്ഷത്തിന്റെ കോട്ടയം നിയോജക മണ്ഡലം പ്രസിഡന്റ് മാത്യു ജോർജ്ജ് സമരവിരുദ്ധ നിലപാടുകളോടെ രംഗത്തുവരികയും ചെയ്തു. സമരപ്പന്തൽ പൊളിക്കുന്നതിനുവേണ്ടിപ്പോലും മാനേജ്മെന്റ് ശ്രമിക്കുകയുണ്ടായി. സമരസഹായ സമിതിയിലും സമരം ചെയ്യുന്ന നഴ്സുമാർക്കിടയിലും വിള്ളലുണ്ടാക്കി സമരത്തെ തകർക്കുവാനുള്ള മാനേജ്മെന്റിന്റെ എല്ലാ നീക്കങ്ങളെയും പ്രതിരോധിക്കുവാൻ നമ്മുടെ പാർട്ടി നേതൃത്വത്തിന് സാധിച്ചു. സമരത്തിന് യാതൊരുവിധ വ്യതിചലനവുമുണ്ടാകാതെ മുന്നോട്ട് കൊണ്ടുപോകുവാൻ സാധിച്ചതും യുഎൻഎ-യെ വിശ്വാസത്തിലെടുത്തുകൊണ്ട് നമ്മുടെ പാർട്ടി നേതൃത്വം നടത്തിയ കൃത്യമായ ഇടപെടലുകളിലൂടെയായിരുന്നു. എറണാകുളത്തു നടന്ന യുഎൻഎ സംസ്ഥാന സമ്മേളനത്തിന്റെ പൊതുസമ്മേളനത്തിലേയ്ക്ക് പാർട്ടിയെ ക്ഷണിച്ചതും ഭാരത് സമരത്തിലൂടെ രൂപപ്പെട്ടുവന്ന ബന്ധത്തിന്റെ പശ്ചാത്തലത്തിലായിരുന്നു.

**ഭാരത് സമരം നഴ്സുമാരുടെ പോരാട്ടങ്ങൾക്ക് കരുത്തുപകരും**

കേരളത്തിൽ നഴ്സുമാർ അതിവേഗം വലിയൊരു സംഘടിത ശക്തിയായിക്കൊണ്ടിരിക്കുകയാണ്. സിഐടിയു, എഐടിയുസി, ബിഎംഎസ്, തുടങ്ങിയ വ്യവസ്ഥാപിത ട്രേഡ് യൂണിയനുകളെ തള്ളിക്കളഞ്ഞുകൊണ്ട് നഴ്സുമാർ സ്വതന്ത്ര ട്രേഡ് യൂണിയനായ യുഎൻഎ-യിൽ സംഘടിച്ചു എന്നത് കേരളത്തെ സംബന്ധിച്ചിടത്തോളം പ്രാധാന്യമുള്ള കാര്യമാണ്. തുച്ഛമായ ശമ്പളത്തിന് അടിമകളെപ്പോലെ പണിയെടുത്തുവന്നിരുന്ന നഴ്സുമാർ അവകാശങ്ങൾ ചോദിക്കാൻ പ്രാപ്തരാകുന്നത് മറ്റ് തൊഴിൽ മേഖലകളിലെ സംഘടിതരല്ലാത്തവർക്കും ആത്മവിശ്വാസമേകും. ഭാരത് അശുപത്രിയിലെ നഴ്സുമാർ നടത്തിയ സമരവും അതിന്റെ വിജയവും കേരളത്തിലെ സ്വകാര്യ ആശുപത്രികളിൽ നഴ്സുമാരുടെ സംഘടന ഉണ്ടാകുന്നതിന് ഇടവരുത്തും. ആശുപത്രി മുതലാളിമാർ ഇനിയൊരു നഴ്സിനെയും പിരിച്ചുവിടാൻ ധൈര്യപ്പെടാത്തവിധം വീറുറ്റതായിരുന്നു ഭാരത് ആശുപത്രിയിലെ ധീരരായ നഴ്സുമാരുടെ പോരാട്ടം●

# എഞ്ചിനിയറിംഗ് വിദ്യാർത്ഥികളുടെ കാലിക്കട്ട് സർവകലാശാലാ മാർച്ച്

ഫലപ്രഖ്യാപനത്തിലെയും മൂല്യനിർണ്ണയത്തിലെയും അനാസ്ഥകൾക്കെതിരെ കാലിക്കട്ട് സർവകലാശാലയ്ക്ക് കീഴിലുള്ള എഞ്ചിനിയറിംഗ് വിദ്യാർത്ഥികൾ നവംബർ 27ന് സർവകലാശാലയിലേയ്ക്ക് പ്രതിഷേധ മാർച്ച് നടത്തി. കാലിക്കട്ട് യൂണിവേഴ്സിറ്റിക്ക് കീഴിലുള്ള എഞ്ചിനിയറിംഗ് കോളെജുകളിൽ 2009 സ്കീമിൽ രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളുടെ ഏഴാം സെമസ്റ്റർ ഫലപ്രഖ്യാപനമാണ് ഒരു വർഷത്തിലേറെയായി വൈകുന്നത്. ഇതുമൂലം പതിനായിരത്തോളം വിദ്യാർത്ഥികളുടെ തുടർപഠനവും തൊഴിലും പ്രതിസന്ധിയിലാണ്. ഫലപ്രഖ്യാപനം വൈകുന്നത് ചൂണ്ടിക്കാണിച്ചുകൊണ്ട് നവംബർ 7ന് വിദ്യാർത്ഥികൾ വിദ്യാഭ്യാസമന്ത്രി, വൈസ്-ചാൻസലർ, കൺട്രോളർ ഓഫ് എക്സാമിനേഷൻസ് എന്നിവർക്ക് നിവേദനം സമർപ്പിച്ചിരുന്നു. ഇതേ തുടർന്ന് നവംബർ 20നകം ഫലപ്രഖ്യാപനമുണ്ടാകുമെന്നറിയിച്ചു. അപ്രകാരം മൂന്ന്, അഞ്ച് സെമസ്റ്ററുകളുടെ ഫലം പ്രഖ്യാപിച്ചെങ്കിലും പരീക്ഷയെഴുതിയ പലരും ആബ്സെന്റ് എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മാത്രമല്ല, വളരെ മികച്ച വിജയം പ്രതീക്ഷിച്ചിരുന്നവർ പരാജയപ്പെടുകയും ചെയ്തിരിക്കുന്നു. മൂല്യനിർണ്ണയം നടന്നിട്ടുണ്ടോയെന്ന്പോലും സംശയിക്കത്തക്ക വിധത്തിലാണ് ഫലപ്രഖ്യാപനമുണ്ടായിരിക്കുന്നത്. വിദ്യാർത്ഥികളുടെ ഭാവി പന്താടുന്ന വിധത്തിലുള്ള സർവകലാശാലയുടെ നിരുത്തരവാദപരമായ സമീപനത്തിനെതിരെയുള്ള സമരപരിപാടികളുടെ ഭാഗമായിരുന്നു മാർച്ച്.

എഐഡിഎസ്ഒ സംസ്ഥാന സെക്രട്ടറി സഖാവ് പി.കെ.പ്രഭാഷ് മാർച്ച് ഉദ്ഘാടനം ചെയ്തു. എഞ്ചിനിയറിംഗ് വിദ്യാഭ്യാസരംഗമാകമാനം കച്ചവടമായി മാറിയതിന്റെ പ്രതിഫലനമാണ് ഇന്ന് എഞ്ചിനിയറിംഗ് വിദ്യാർത്ഥികൾ നേരിടുന്ന പ്രശ്നങ്ങൾ. കേരള സാങ്കേതിക സർവകലാശാലയും സമാനമായ വിധത്തിൽ കുത്തഴിഞ്ഞാണ് പോകുന്നത്. കെടിയു വിദ്യാർത്ഥികളും സമാനമായ ഡിമാന്റുകൾ ഉന്നയിച്ച് സമരരംഗത്താണ്. മെറിറ്റിന്റെ അടിസ്ഥാനത്തിൽ എഞ്ചിനിയറിംഗ് വിദ്യാഭ്യാസം പുനസംഘടിപ്പിക്കണം, സർവകലാശാലകൾ വിദ്യാഭ്യാസ പ്രക്രിയയോട് ഉത്തരവാദിത്വം പുലർത്തുകയും വേണം- മാർച്ച് ഉദ്ഘാടനം ചെയ്തുകൊണ്ട് അദ്ദേഹം പറഞ്ഞു.




**എഐഡിഎസ്ഒ സംസ്ഥാന സെക്രട്ടറി സഖാവ് പി.കെ.പ്രഭാഷ് പ്രതിഷേധ മാർച്ച് ഉദ്ഘാടനം ചെയ്യുന്നു**

എഐഡിഎസ്ഒ കോഴിക്കോട് ജില്ലാ സെക്രട്ടറി കെ.റഹീം, സേവ് എജ്യുക്കേഷൻ കമ്മിറ്റി നേതാവ് പി.എം.ശ്രീകുമാർ, വിദ്യാർത്ഥി പ്രതിനിധികളായ അഭിജിത്ത്, മാണി തുടങ്ങിയവർ പ്രസംഗിച്ചു. പ്രശ്നപരിഹാരമുണ്ടായില്ലെങ്കിൽ രക്ഷിതാക്കളെയും അധ്യാപകരെയും അണിനിരത്തി, അനിശ്ചിതകാലസമരമുൾപ്പടെയുള്ള ഭാവിപരിപാടികളിലേക്ക് നീങ്ങുമെന്ന് വിദ്യാർത്ഥി സമരസമിതി അറിയിച്ചു●

Edited, Printed & Published by C. K. Lukose, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035. *Ph:* 0471-2307151;
*E-mail:* unitymagazine@gmail.com; *Website:* **www.kerala.sucicommunist.org** on behalf of Kerala State Committee, SUCI(C).
Printed at Cochin Printech Pvt Ltd, Kochi.